ഖുത്ബ
13.1.2006
ഖാദിയാൻ

# മഹാത്മാക്കളുടെ വിശ്വാസവും ജീവിതവും

وَآخَرِينَ مِنْهُمْ لَمَّا يَلْحَقُوا بِهِمْ وَهُوَ الْعَزِيزُ الْحَكِيمُ ③

**ഈ** ഖുർആനികവചനത്തിന്റെ തർജമ ഇങ്ങനെയാണ്. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അദ്ദേഹത്തെ എഴുന്നേല്പിച്ചിരിക്കുന്നു). അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു. (62:4)

ഈ വചനമിറങ്ങിയപ്പോൾ ഒരു സ്വഹാബി ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! സ്വഹാബത്തിന്റെ പദവിയിലുള്ളവരാണെങ്കിലും ഇതുവരെ അവരുമായി ചേർന്നിട്ടില്ലാത്ത അക്കൂട്ടരാരാണ്? നബി(സ) ആ ചോദ്യത്തിന് ഒരു മറുപടിയും നല്കിയില്ല. ആ വ്യക്തി മൂന്നുപ്രാവശ്യം ഈ ചോദ്യം ആവർത്തിച്ചു. നിവേദകൻ പറയുന്നു: ഹസ്റത്ത് സൽമാനുൽ ഫാരിസി(റ)ഞങ്ങളുടെ ഇടയിലിരിപ്പുണ്ടായിരുന്നു. നബി (സ) തിരുമേനി തന്റെ കൈ അദ്ദേഹത്തിന്റെ തോളിൽവെച്ചുകൊണ്ടു പറഞ്ഞു: ഈമാൻ കാർത്തികനക്ഷത്രം വരെ ഉയർന്നുപോയാൽതന്നെയും, അതായത് ഭൂമിയിൽ സത്യവിശ്വാസം ഇല്ലാതായാൽ ഇദ്ദേഹത്തിൽപ്പെട്ട ഒരാൾ അതിനെ തിരിച്ചുകൊണ്ടുവരുന്നതാണ്. ഇവിടെ 'രിജാലുൻ' എന്ന പദവും ഉപയോഗിച്ചിട്ടുണ്ട്.

ഈ ഖുർആനിക വചനവും ഹദീസും നാം എപ്പോഴും കേൾക്കുന്നതും വായിക്കുന്നതുമാണ്. എന്നാൽ, ഇന്ന് ഞാൻ ഇതിന്റെ അടിസ്ഥാനത്തിൽ മാതൃകയെന്നോണം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില സഹാബിമാരെപ്പറ്റി പറയുന്നതാണ്. അവർ ബയ്അത്ത് ചെയ്തതിനുശേഷം പരിശുദ്ധമായ മാറ്റം തങ്ങളിലുണ്ടാക്കിത്തീർത്തു. ആ മാതൃക നമുക്ക് നബി(സ) തിരുമേനിയുടെ സ്വഹാബിമാരിൽ ദർശിക്കാവുന്നതാണ്. അക്കാലഘട്ടത്തിൽ, സ്വഹാബിമാർ നബി(സ) തിരുമേനിക്ക് ബയ്അത്ത് ചെയ്തപ്പോൾ, നബി(സ) തിരുമേനിയുടെ പരിശുദ്ധമായ ശക്തിപ്രഭാവം കാരണത്താൽ എല്ലാ തിന്മകളിൽനിന്നും തരംതാണ സ്വഭാവങ്ങളിൽനിന്നും അവർ പശ്ചാത്തപിച്ചു മടങ്ങി. അവരിലുണ്ടായിരുന്ന ദുഷ്ടകർമ്മങ്ങൾ ദുർനടപടികൾ, വ്യഭിചാരം മോഷണം കളവ് ചൂതാട്ടം മദ്യപാനം, കൊലപാതകം തുടങ്ങിയ ശീലങ്ങൾ അവരിൽ ഉണ്ടായിരുന്നേയില്ല എന്നുതോന്നുമാറ് അപ്രത്യക്ഷമായി. ഇതുമാത്രമല്ല, ഉന്നതമായ ധാർമ്മികഗുണങ്ങൾ ആർജ്ജിക്കുന്നതിലും നന്മ പ്രവർത്തിക്കുന്നതിലും പരസ്പരം മത്സരിച്ചു മുന്നേറാനുള്ള പരിശ്രമവും തുടങ്ങി. ആരാധനാകർമ്മങ്ങളിൽ മുഴുകലും, ത്യാഗം ചെയ്യുന്നതിനുള്ള ആത്മാവും എത്രമാത്രം ഉയർന്നുവെന്നുവെച്ചാൽ, ഇവർ മുമ്പേയുള്ള ആളുകളാണെന്ന് തിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല. അവരുടെ ഉദ്ദേശ്യവും ലക്ഷ്യവും ദൈവപ്രീതി പിടിച്ചുപറ്റുക, നബി(സ) തിരുമേനിയെ അനുസരിക്കുന്നതിലും സ്നേഹിക്കുന്നതിലും ലയിക്കുകയും ചെയ്യുക എന്നതു മാത്രമായിരുന്നു. അതെത്രമാത്രം ആയിരുന്നുവെന്നുവെച്ചാൽ, നബി(സ) വുളു ചെയ്യുമ്പോൾ ഒരുതുള്ളി വെള്ളംപോലും താഴെ വീഴാൻ അവർ അനുവദിച്ചിരുന്നില്ല.

നബി(സ) തിരുമേനിയുടെ പ്രവചനവും അവിടത്തെ നാമം ലോകാവസാനംവരെ വിളങ്ങുമെന്നും നീ മുഖേനതന്നെ ജനങ്ങളെ എന്നിലേക്കെത്തിക്കുമെന്നും ഈമാൻ ദുനിയാവിൽനിന്ന് പൂർണ്ണമായും ഉയർത്തപ്പെടുന്നകാലം വന്നാൽതന്നെയും നിന്നെ സ്നേഹിക്കുന്ന സത്യസന്ധനായ ആളുമുഖേന അത് വീണ്ടും ലോകത്ത് സ്ഥാപിക്കുമെന്നും ആ മുഹമ്മദീ മസീഹ് മുഖേന ഒരു വിപ്ലവം ഉണ്ടാക്കുമെന്നും അദ്ദേഹത്തിന്റെമേൽ നിന്റെ പരിശുദ്ധ ശക്തപ്രഭാവത്തിന്റെ ലക്ഷണങ്ങൾ ഉണ്ടാകുമെന്നും, അദ്ദേഹം നീ സഹാബിമാരിൽ ഉണ്ടാക്കിയപോലുള്ള മാതൃക ജനങ്ങളിലുണ്ടാക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്യുകയും അതനുസരിച്ച് വാഗ്ദത്ത മസീഹിനെ അല്ലാഹു നിയോഗിക്കുകയും ചെയ്തു.

ഇന്ന് ഞാൻ ആ മാതൃകയുടെ ചില ഉദാഹരണങ്ങൾ പറയുന്നതാണ്. ഇതിൽനിന്ന് നബി(സ) തിരുമേനിയിലൂടെ അല്ലാഹു ഹസ്റത്ത് മസീഹ്

മൗഊദ്(അ)ന് നല്കിയ അനുഗ്രഹം മുഖേന അവി ടന്ന് തന്റെ സ്വഹാബിമാരിൽ, തനിക്ക് ബയ്അത്ത് ചെയ്തവരിൽ, തന്നെ വിശ്വസിച്ചവരിലുണ്ടാക്കിയ ആ മഹത്തായ വിപ്ലവം മനസ്സിലാകുന്നതാണ്.

ഇതു സംബന്ധമായി ഒന്നാമതായിട്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ആ മഹാ ത്മാവ് എങ്ങനെയാണ് തന്റെ സ്വഹാബിമാരെ കണ്ട തെന്ന കാര്യം വിവരിക്കാം. അവിടന്ന് പറയുന്നു: "എനിക്ക് ബയ്അത്ത് ചെയ്യുന്നവരിൽ ഓരോ ദിവ സവും ആത്മീയമായ കഴിവും ദൈവഭയവും അഭി വൃദ്ധിപ്പെട്ടുവരുന്നതായി ഞാൻ കാണുന്നു. മുബാ ഹല ദിനങ്ങൾക്കുശേഷം നമ്മുടെ ജമാഅത്തിൽ മറ്റൊരു ലോകം സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. മിക്ക വരേയും സുജൂദിൽ കരയുന്നവരായും തഹജ്ജുദിൽ താണുകേണ് ദുആ ചെയ്യുന്നവരായും ഞാൻ കാണു ന്നു. അശുദ്ധഹൃദയമുള്ളവർ അവരെ കാഫിറെന്ന് പറയുന്നു. അവരാണെങ്കിൽ ഇസ്ലാമിന്റെ കരളും ഹൃദയവുമാണ്." ഇനി ഈ പരിശുദ്ധമായ മാതൃക യ്ക്കുള്ള ചില ഉദാഹരണങ്ങൾ പറയാം.

ഹസ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ് മാലേർകോട്ട്ലയിലെ ഭരണാധിപ കുടുംബത്തിൽപ്പെട്ട ഒരു യുവാവായിരുന്നു. സത്യസന്ധത ആദ്യമേതന്നെ അദ്ദേഹത്തിലുണ്ടായിരുന്നു. അദ്ദേഹം സുശീലനാ യിരുന്നു. മറ്റു യുവാക്കളിൽ കാണുന്നപോലുള്ള ദുശ്ശീലങ്ങളോ ദുസ്സ്വഭാവങ്ങളോ അദ്ദേഹത്തിലുണ്ടാ യിരുന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സദ്സംഗം മുഖേന തന്റെ സദ്ശീലത്തെ കൂടുതൽ മിനുസപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. മുൻകാ ലങ്ങളിൽ താൻ പലപ്പോഴും നിസ്കാരം ഉപേക്ഷി ക്കാറുണ്ടായിരുന്നുവെന്നും ഭൗതികതയിൽ മുഴുകി യിരുന്നുവെന്നും പക്ഷേ, ബയ്അത്തിനുശേഷം മാറ്റ മുണ്ടായി എന്നും അദ്ദേഹംതന്നെ പറയാറുണ്ടായി രുന്നു. അദ്ദേഹത്തെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഖാദിയാനിൽ എന്നെ കാണാൻ അദ്ദേഹം വന്നിരുന്നു. ഒരുപാടു ദിവസം ഇവിടെ താമസിച്ചു. ഞാൻ അദ്ദേഹത്തെ വീക്ഷിച്ചുകൊണ്ടിരുന്നു. ഉത്ത രവാദിത്വബോധത്തോടുകൂടി നിസ്കരിക്കുന്നതിൽ അദ്ദേഹത്തിന് നല്ല വിചാരമുണ്ട്. സച്ചരിതരായ മഹാ ത്മാക്കളെപ്പോലെ അതീവശ്രദ്ധയോടും അത്യന്തം താൽപര്യത്തോടുംകൂടി നിസ്കരിക്കുന്നു. നിഷേധി ക്കപ്പെട്ടതും വെറുക്കപ്പെട്ടതുമായ കാര്യങ്ങളിൽനിന്ന് തികച്ചും ഒഴിഞ്ഞുനില്ക്കുന്നയാളാണ്."

ഹസ്റത്ത് നവാബ് മുഹമ്മദലിഖാൻ സാഹിബ് തന്റെ സഹോദരന് എഴുതിയ ഒരു കത്തിൽ പറയുന്നു: "ഏതൊരു കാര്യത്തിനു വേണ്ടിയാണോ ഞാൻ ഖാദിയാനിൽ താമസമാക്കിയത്, ഞാൻ ശുദ്ധ ഹൃദയത്തോടുകൂടി പറയട്ടെ, ഞാൻ വാഗ്ദത്തമഹ്ദീ മസീഹ്(അ)ന് ബയ്അത്ത് ചെയ്തിട്ട് 12 വർഷമാ യി. ഞാൻ പതിനൊന്നു വർഷത്തോളം ഖാദിയാ നിൽനിന്ന് അകന്നുകഴിയുകയായിരുന്നു. കുറച്ചുദി വസത്തേക്കുവേണ്ടി മാത്രം ഇടയ്ക്കിടെ ഇവിടെ വന്നുകൊണ്ടിരുന്നു. ഭൗതികമായ ജീവിതവൃത്തി യിൽ കുടുങ്ങി എന്റെ ഒരുപാട് ആയുസ്സ് ഞാൻ പാഴാ ക്കി. അവസാനം ചിന്തിച്ചുനോക്കിയപ്പോൾ ആയുസ്സ് കാറ്റുപോലെ പറന്നുപോയതായിട്ട് കണ്ടു. നാം ദീനും ദുൻയാവും ഒന്നും ഉണ്ടാക്കിയില്ല. അവസാനം എനി ക്കൊരു കവിതാശകലം ഓർമ്മവന്നു.

"അല്ലാഹുവിനെ കിട്ടണമെന്നും ആഗ്രഹിക്കു ക. തുച്ഛമായ ഈ ദുൻയാവിനേയും ആഗ്രഹിക്കു ക. ഇത് വ്യർത്ഥമായൊരു ഭാവനയാണ്, ഭ്രാന്തത്വമാ ണ്." അദ്ദേഹം എഴുതുന്നു. "ആറുമാസം താമസി ക്കാമെന്നു കരുതിയാണ് ഞാൻ ഇവിടെ വന്നത്. എന്നാൽ, ഇവിടെ വന്നതിനുശേഷം ഞാനെന്റെ എല്ലാ കാര്യങ്ങളെക്കുറിച്ചും ചിന്തിച്ചു. അവസാനം, ദുൻയാവിലെ പ്രവൃത്തി ദീനിന്റെ പിന്നാലെ കൂടി യാൽ എന്തായാലും നടക്കുമെന്നും, എന്നാൽ ദുൻയാവിന്റെ പിന്നാലെ കൂടിയാൽ ദുൻയാവും കിട്ടില്ല ദീനും തകർന്നു തരിപ്പണമായിപ്പോകുമെന്നും മനസ്സിലാക്കി. ഞാൻ നല്ലവണ്ണം ചിന്തിച്ചപ്പോൾ, പതി നൊന്നു വർഷത്തിനുള്ളിൽ എനിക്കോ എന്റെ സഹോദരന്മാർക്കോ ഒന്നുംതന്നെ ഉണ്ടാക്കാൻ കഴി ഞ്ഞിട്ടില്ലെന്ന് ബോധ്യമായി. ഈ നിരാശാജനകമായ അവസ്ഥയിലും നമ്മൾ നിത്യേന ദീനും നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാം നഷ്ടപ്പെടും എന്നു മനസ്സിലായപ്പോൾ കോട്ട്ലെയോടു വിട പറഞ്ഞിറ ങ്ങി. ഹിജ്റത്ത് ചെയ്യുകതന്നെയെന്ന് ദൃഢമായും ഉറച്ചു. അൽഹംദുലില്ലാഹ്. ഞാൻ വളരെ സന്തോ ഷത്തോടുകൂടി പറയട്ടെ, ഞാൻ കോട്ട്ലെയിൽനിന്ന് ഹിജ്റത്ത് ചെയ്തിരിക്കുകയാണ്. ശരീഅത്ത് പര മായി നോക്കുമ്പോൾ ഇനി എന്റെ സ്വന്തം അഭിപ്രായ പ്രകാരം നാട്ടിൽ വരാൻ പറ്റില്ല. അതായത് അതിനെ എന്റെ വീടാക്കാൻ പറ്റുകയില്ല. യാത്രക്കാരനെന്ന നിലയിൽ വന്നാൽ വന്നു. ഈ പരിതസ്ഥിതിയിൽ എനിക്കവിടെ വരാൻ തടസ്സമുണ്ട്. ഞാൻ സന്തോ ഷത്തിലും വളരെ നല്ല നിലയിലുമാണ്. ചിത്രശലഭ ങ്ങളായ ഞങ്ങൾ ഏതൊരു ദീപത്തിന്റെ ചുറ്റുമാണോ പാറിപ്പറക്കുന്നത്, അതിൽനിന്ന് അവർക്ക് എങ്ങനെ യാണ് അകലാൻ കഴിയുക. എന്റെ ആദരണീയനായ

സഹോദരാ! ഞാനിവിടെ അല്ലാഹുവിനുവേണ്ടിയാണ് വന്നത്. എന്റെ സ്നേഹവും സുഹൃത്ബന്ധവും അല്ലാഹുവിനു വേണ്ടിയാണ്. ഞാൻ കോട്‌ലെയിൽ നിന്ന് വേറിട്ടിരിക്കുകയാണ്. എന്നാൽ, കോട്ട്ലയിലെ അവസ്ഥ കാണുമ്പോൾ, എനിക്ക് അസഹ്യമായ വേദനയുണ്ട്. അല്ലാഹുതആല താങ്കൾക്കും നമ്മുടെ മറ്റു സഹോദരങ്ങൾക്കും കോട്ട്ലവാസികൾക്കും ബുദ്ധി നല്കുമാറാകട്ടെ. ഇസ്ലാമിന്റെ പൂർണ്ണസേവകരായി തീരട്ടെ. നമ്മുടെ മരണവും ജീവിതവും അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കട്ടെ. അല്ലാഹുവിന്റെ, അനുസരണശാലിയായ മുസ്‌ലിമായിത്തീരുക. നമ്മുടെ ബയ്അത്തിന്റെ നിബന്ധനയിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നുണ്ട്. ദയ കാണിക്കുന്ന സർക്കാറിനോടു നന്ദിയും കാണിക്കണം. അതിനെ പൂർണ്ണമായും അനുസരിക്കണം. ഇക്കാര്യങ്ങളാണ് എന്നെ ഇവിടെ നില്ക്കാൻ പ്രേരിപ്പിക്കുന്നത്. എന്നിൽ ഈമാൻ വർദ്ധിക്കുന്നതനുസരിച്ച് ദുൻയാവ് ഒന്നുമല്ലെന്ന് എനിക്ക് ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ദീനീപരമായ കാര്യങ്ങൾ മുന്തിമുന്തിവരുന്നു. അല്ലാഹുവിനോടും, ഔദാര്യം ചെയ്യുന്ന മനുഷ്യരോടും നന്ദി കാണിക്കണമെന്ന ബോധം വളർന്നുകൊണ്ടിരിക്കുന്നതിനോടൊപ്പം സർക്കാരിനെ അനുസരിക്കുന്നതിലും, അതിനോടും നന്ദി കാണിക്കുന്നതിലും ഹൃദയം പൂർണ്ണമായനിലയിൽ മുഴുകുന്നു."

നവാബ് സാഹിബിലുണ്ടായ മാറ്റം നോക്കുക. അദ്ദേഹം പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരുമകനുമായി. അവരുടെ മക്കളും ആ മഹാത്മാക്കളുടെ കാലടിപാതയിലൂടെ സഞ്ചരിക്കേണ്ടതാണ്. അവർ ദീനിനുവേണ്ടി ദുൻയാവിനെ ഉപേക്ഷിക്കുകയും ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുകയും ചെയ്തു.

ഹസ്റത്ത് മുൻശി സഫ്ർ സാഹിബിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"എന്റെ യുവസ്നേഹിതൻ മുൻശീ സഫ്ർ അഹ്മദ് സാഹിബ് സച്ചരിതനും മിതഭാഷിയും ആത്മാർത്ഥതാഭരിതനും സൂക്ഷ്മബുദ്ധിമാനുമാണ്. ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യതയുടെ ലക്ഷണങ്ങളും പ്രകാശങ്ങളും അദ്ദേഹത്തിൽ പ്രകടമാണ്. കൂറിന്റെ അടയാളങ്ങളും ചിഹ്നങ്ങളും അദ്ദേഹത്തിൽ ഉണ്ടായിരിക്കുന്നു. സ്ഥാപിതമായിട്ടുള്ള സത്യങ്ങളെ നല്ലവണ്ണം മനസ്സിലാക്കുന്നു. അതിൽ ആനന്ദം കൊള്ളുന്നു. അല്ലാഹുവിനോടും അവന്റെ റസൂലിനോടും സത്യമായ സ്നേഹം അദ്ദേഹത്തിനുണ്ട്. എല്ലാ അനുഗ്രഹങ്ങളും ലഭ്യമാകുന്നതിന്റെ അച്ചുതണ്ടായ മര്യാദയും ആ വഴിയിൽ ചേർന്നുവരുന്നതായ സദ്ഭാവനയും രണ്ടും അദ്ദേഹത്തിൽ കാണാം. ***ജസാഹുമുല്ലാഹു ഖയ്റൽ ജസാഉ.***"

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരിക്കൽ കുറച്ചുപണം ആവശ്യമായി വന്നു. അത് ജമാഅത്തിൽനിന്ന് സംഘടിപ്പിക്കാൻ കഴിയുമോ എന്ന് അദ്ദേഹത്തോടു ഹസ്റത്ത് മസീഹ് മൗഊദ്(അ) ചോദിച്ചു. അദ്ദേഹം ആരോടും പറയാതെ തന്റെ ഭാര്യയുടെ ആഭരണം വിറ്റ് ആ പണം കൊണ്ടുകൊടുത്തു. ഇക്കാരണത്താൽ കപൂർത്തല ജമാഅത്തിലെ ചിലയാളുകൾ അദ്ദേഹത്തോടു വെറുപ്പും പ്രകടിപ്പിച്ചു. ഇത്രമാത്രം അദ്ദേഹം ആത്മാർത്ഥതയിൽ അഭിവൃദ്ധിപ്പെട്ടിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് ഹസ്റത്ത് ഖാസി സിയാവുദ്ദീൻ സാഹിബ് എഴുതുന്നു.

"എന്റെ യജമാനരേ! ഞാനെന്റെ മനസ്സിൽ പരസ്പരവിരുദ്ധമായ ചിന്താഗതികളുള്ളതായി കാണുന്നു. ഹുസൂറിന്റെ സത്യസാക്ഷ്യം വിദേശികളായിട്ടുള്ളവർ എത്രയും വേഗം തിരിച്ചറിയണമെന്നതാണ് എന്റെ പ്രഥമമായ ആഗ്രഹം. എല്ലാ വിശ്വാസികളും എല്ലാ ജനതകളും ഇതിലേക്ക് വരണം. അങ്ങനെ അല്ലാഹുതആല ഇവിടെ തുടക്കം കുറിച്ച ഈ ഉറവിൽനിന്ന് കുടിച്ച് വയർ നിറയ്ക്കണം. പക്ഷേ, ഇത്തരം ചിന്താഗതിയുള്ളപ്പോൾതന്നെ എന്റെ മനസ്സ് ദുഃഖിക്കുകയും ചെയ്യുന്നു. മറ്റുള്ളവരും ഹുസൂറിനെ തിരിച്ചറിഞ്ഞുകഴിയുമ്പോൾ, വൻതോതിൽ ജനങ്ങൾ ഇവിടേക്ക് വരാൻ തുടങ്ങുമ്പോൾ, ഇപ്പോൾ കിട്ടുന്ന ഈ ആനന്ദത്തിൽനിന്ന് ഞാൻ പിന്തള്ളപ്പെട്ടുപോകുമോ എന്നോർത്താണ് ഞാൻ ദുഃഖിക്കുന്നത്. ഉന്നതനായ എന്റെ ഹുസൂറേ, അത്തരം ഘട്ടത്തിൽ എനിക്ക് സംസാരിക്കാനുള്ള ഇപ്പോഴത്തെ ഈ സ്വാതന്ത്ര്യത്തിൽനിന്ന് ഞാൻ പിന്തള്ളപ്പെട്ടുപോകും. ഇത്തരം പരസ്പരവിരുദ്ധമായ ചിന്താഗതികൾ ഒന്നിനു പിറകെ ഒന്നായി എന്റെ മനസ്സിൽ ഓടിയെത്തുന്നു."

ഖാസി സാഹിബ് വീണ്ടും പറഞ്ഞു: ഹസ്റത്ത് മസീഹ് മൗഊദ്(അ) എന്റെ വാക്കുകൾ കേട്ട് പുഞ്ചിരിച്ചു. നോക്കുക, പ്രേമത്തിന്റേയും സ്നേഹത്തിന്റേയും പരിശുദ്ധമായ കാഴ്ചയാണിത്.

ഹസ്റത്ത് ചാദ്‌രി മുഹമ്മദ് അക്ബർ സാഹിബ് നിവേദനം ചെയ്യുന്നു. "പ്രതിപാദ്യപുരുഷനായ സ്വഹാബി ചൗദ്‌രി നദർമുഹമ്മദ് സാഹിബ് ഹോശിയാർപൂർ ജില്ലയിലെ അദ്‌രാമവാസിയായിരുന്നു.

അദ്ദേഹം ഹസ്റത്ത് ശേർഅലി സാഹിബിന്റെ ബന്ധുവുമായിരുന്നു. ഗാസിഖാനിൽ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു, അഹ്മദിയ്യാജമാഅത്തിൽ ചേരുന്നതിനു മുമ്പേ, അദ്ദേഹത്തിന്റെ സ്വഭാവം നല്ലതല്ലായിരുന്നു. അദ്ദേഹം തന്റെ ഭാര്യയോട് ഒന്നും സംസാരിക്കുമായിരുന്നില്ല. അല്ലാഹു തആല ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീതകാലത്ത് അദ്ദേഹത്തിന് ഹിദായത്ത് നല്കി. സത്യം തിരിച്ചറിയാൻ തൗഫീഖ് കിട്ടി. ഇതിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാനുള്ള താൽപര്യം അദ്ദേഹത്തിനുണ്ടായി. അങ്ങനെ അദ്ദേഹം ഖാദിയാൻ ദാറുൽ അമാനിലെത്തി. എന്നാൽ, അവിടെച്ചെന്നപ്പോൾ എന്തോ കേസ്സു സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂരിലാണെന്നറിഞ്ഞു. അദ്ദേഹം ഗുരുദാസ്പൂരിലെത്തി. ഹസ്റത്ത് മസീഹ് മൗഊദ്(അ) തികച്ചും തനിച്ചായിരുന്ന ഘട്ടത്തിൽ കാണാനുള്ള അവസരം ലഭിച്ചു. അദ്ദേഹം പറയുന്നു: അവിടന്ന് കട്ടിലിൽ കിടക്കുകയായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാല് ഞാൻ ഞെക്കാൻ തുടങ്ങി. ദുആ ചെയ്യാൻ അപേക്ഷിച്ചു. അപ്പോൾ മറ്റാരോ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാൻ വന്നു. അദ്ദേഹത്തിന്റെ ഭാര്യാവീട്ടുകാർ അവരുടെ മകളെ വളരെ ബുദ്ധിമുട്ടോടുകൂടിയാണ് തനിയ്ക്ക് വിട്ടുതന്നതെന്ന് അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. അതായത് ഭർത്താവിന്റെ വീട്ടിലേക്ക് അയച്ചത് മനസ്സില്ലാമനസ്സോടെയായിരുന്നു. താൻ ഇനി അവരുടെ മകളെ അവരുടെയടുക്കലേക്ക് അയക്കുകയില്ലെന്ന് തീരുമാനിച്ചിരിക്കുന്നതായും അറിയിച്ചു. അയാളുടെ ഈ വാക്കുകൾ കേട്ടുടനെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖം ചെമന്നുതുടുത്തു. ദേഷ്യത്തോടെ പറഞ്ഞു: “എത്രയും പെട്ടെന്ന് ഇവിടെനിന്ന് അകന്നുപോകുക. താങ്കൾ കാരണത്താൽ നമ്മളിലും ശിക്ഷയിറങ്ങാൻ പാടില്ല.” അങ്ങനെ അയാൾ എഴുന്നേറ്റുപോയി. അല്പം കഴിഞ്ഞ് തിരിച്ചുവന്നിട്ട് പറഞ്ഞു: ഞാൻ തൗബ ചെയ്ത് മടങ്ങുന്നു. എനിക്ക് മാപ്പുതന്നാലും. അത് കേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന് ഇരിക്കാൻ അനുവാദം നല്കി. പരേതനായ ചൗദ്ദരി നദ്ർ മുഹമ്മദ് സാഹിബ് പറയാറുണ്ടായിരുന്നു. ഇത്ര നിസ്സാരകാര്യത്തിന് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത്രമാത്രം ദേഷ്യപ്പെട്ടത് കണ്ടപ്പോൾ ഞാൻ ലജ്ജിതനായി. വാസ്തവത്തിൽ എന്റെ അവസ്ഥ ഞാനെന്റെ ഭാര്യയുമായി സംസാരിക്കാറുപോലുമില്ല എന്നതാണ്. എന്റെ ഭാര്യാവീട്ടുകാരെ ഗൗനിക്കാറുമില്ല. ഇതെത്ര വലിയ പാപമാണ്. അദ്ദേഹം പറയുന്നു: ഞാനവിടെ ഇരുന്ന് തൗബ ചെയ്തു മടങ്ങി. വീട്ടിൽപോയി ഭാര്യയോടു മാപ്പു ചോദിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. ഇനിയൊരിക്കലും ഇങ്ങനെ മോശമായി പെരുമാറുകയില്ല. ഞാൻ അവിടെനിന്ന് തിരിച്ച് നാട്ടിൽവന്നു. ഭാര്യയ്ക്കുവേണ്ടി പല സാധനങ്ങളും വാങ്ങി. വീട്ടിലെത്തി ഭാര്യയുടെയടുക്കൽചെന്നു. വാങ്ങിയ സാധനങ്ങളെല്ലാം ഭാര്യയുടെ മുമ്പിൽവെച്ച് മോശമായി പെരുമാറിയതിനെല്ലാം മാപ്പു ചോദിച്ചു. ഭാര്യ അത്ഭുതപ്പെട്ടു. ഇത്തരം മാറ്റം ഇദ്ദേഹത്തിലുണ്ടായതെങ്ങനെയാണ്! ഇതെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണെന്ന് അവരറിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ തരംതാണ ജീവിതത്തെ ഉന്നതമാക്കിത്തീർത്തതിൽ, അവർ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് വേണ്ടി ഒരുപാട് ദുആ ചെയ്യാൻ തുടങ്ങി.

വാസ്തവത്തിൽ സ്ത്രീയുടെ ഈ അവകാശം നബി(സ) തിരുമേനി അവർക്ക് സ്ഥാപിച്ചുകൊടുത്തതാണ്. പക്ഷേ, മുസ്ലിംകൾ അത് മറന്നുപോയിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) അത് പുനഃസ്ഥാപിച്ചു. ഇസ്ലാം മറ്റു മതങ്ങളെ അപേക്ഷിച്ച് സ്ത്രീയ്ക്ക് ഏറ്റവും ഉന്നതമായ സ്ഥാനമാണ് കൊടുത്തിട്ടുള്ളത്. എന്നിട്ടും ഇക്കാര്യത്തിൽ ഇസ്ലാമിനെതിരെ മറ്റുള്ളവർ ആക്ഷേപങ്ങൾ ഉതിർക്കുന്നു.

ഹസ്റത്ത് ഹാഫിസ് ഹാമിദലി സാഹിബിന്റെ മാതൃക നമ്മുടെ മുമ്പിലുണ്ട്. പണവും പ്രതാപവും ഇല്ലെങ്കിൽ സ്വന്തം നാട്ടിൽ ആരും ആദരിക്കപ്പെടാറില്ല. ഹാഫിസ് സാഹിബ് ഒരു കർഷകകുടുംബത്തിലെ അംഗമായിരുന്നു. സമ്പത്തിന്റേയും സ്വത്തിന്റേയും അടിസ്ഥാനത്തിൽ അവിടത്തെ സ്ഥാനം ഉയർന്നതായിരുന്നില്ല. മറിച്ച്, ദരിദ്രനായിരുന്നു. എന്നാൽ, തന്റെ നന്മയും മതവിശ്വാസവും കാരണത്താൽ അദ്ദേഹത്തിന്റെ ഗ്രാമത്തിലും ചുറ്റുപാടുകളിലും എപ്പോഴും ആദരിക്കപ്പെട്ടിരുന്നു. ഇന്ന് നാം, ഫയ്സുല്ലാഹ് ചെക്കിലും ഥാനെഗുലാം നബി തുടങ്ങിയ ഗ്രാമങ്ങളിലും അഹ്മദിയ്യത്തിന്റെ തേജസ്സും സ്വാധീനവും കാണുമ്പോൾ- നിവേദകൻ പറയുന്നു- അതിൽ ഹാഫിസ് സാഹിബിന്റെ പ്രവർത്തനപരമായ ജീവിതത്തിന് വളരെ വലിയ പങ്കുണ്ട്. അദ്ദേഹം രഹസ്യമായി ഉപദേശിക്കുന്നയാളായിരുന്നു. അതുപോലെതന്നെ പ്രബോധനത്തിന്റെ പ്രതീകവുമായിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത വെളിപ്പെടുമായിരുന്നു. ഉള്ളിൽ സ്നേഹത്തിന്റെ വികാരം വർദ്ധിക്കു

മായിരുന്നു. അദ്ദേഹം അങ്ങേയറ്റം ആത്മാർത്ഥതയും കൂറും പുലർത്തുന്നയാളും മറ്റുള്ളവരോടു അനുകമ്പ കാണിക്കുന്ന പ്രകൃതക്കാരനുമായിരുന്നു. മറ്റുള്ളവരുടെ ക്ഷേമം ആഗ്രഹിച്ചിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സൽസംഗവും സാമീപ്യവും അദ്ദേഹത്തിന് ഒരു പ്രത്യേക വർണ്ണപ്പൊലിമയുണ്ടാക്കി. ദുആയുടെ ശക്തി എന്തെന്നറിയുന്നയാളും ദുആ ചെയ്യുന്ന ശീലക്കാരനും ദുആയുടെ മര്യാദകൾ മനസ്സിലാക്കിയിരുന്ന വ്യക്തിയുമായിരുന്നു. അവിടത്തെ ജീവിതം, ഒരു ആത്മാർത്ഥനായ സത്യവിശ്വാസിയുടേയും സിദ്ധന്റേയുമായിരുന്നു. സത്യം പ്രചരിപ്പിക്കുന്നതിൽ അത്യുത്സാഹിയും അഭിമാനിയുമായിരുന്നു. ദീനീപരമായ കാര്യങ്ങളിൽ ഒരിക്കലും ആരേയും ഭയപ്പെട്ടിരുന്നില്ല. സത്യം പറയുന്നതിൽ ധൈര്യശാലിയായിരുന്നു. സദ്കാര്യങ്ങൾ പറയുന്നതിലും ചീത്ത കാര്യങ്ങൾ വിലക്കുന്നതിലും ഒരു മടിയും കാണിച്ചിരുന്നില്ല. ചുരുക്കത്തിൽ, അദ്ദേഹം ഒരുപാട് സദ്ഗുണങ്ങളുടെ ഉടമസ്ഥനായിരുന്നു. ഇതെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വാധീനഫലമായിട്ടാണ് അദ്ദേഹത്തിന് ലഭിച്ചത്. പരേതൻ തന്റെ ജീവിതത്തിലെ ഒരുപാട് സംഭവങ്ങളും അവസ്ഥകളും അറിയുന്നയാളായിരുന്നുവെങ്കിലും, വളരെ കുറച്ചുമാത്രം നിവേദനം ചെയ്യുന്ന പ്രകൃതമായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് ചോദിച്ചാൽ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുമായിരുന്നു. അദ്ദേഹം പറയും അടി മുതൽ മുടിവരെയുള്ള ആ പ്രകാശത്തെക്കുറിച്ച് ഞാനെന്തു വിശദീകരിക്കാനാണ്. ഏതെങ്കിലും ഒന്നുമാത്രമായിരുന്നെങ്കിൽ പറയാമായിരുന്നു.”

പ്രവർത്തനപരമായ നിലയിലുള്ള ഈ മാതൃക, ഇന്ന് നമ്മുടെ വിദ്യാർത്ഥികൾക്കും ഓരോ മുബല്ലിഗിനും മുറബ്ബിക്കും മുഅല്ലിമിനും കൈത്തിരിയാണ്. അവയെ മുന്നിൽവയ്ക്കേണ്ടതാണ്.

ഹിന്ദുമതത്തിൽനിന്ന് ഇസ്ലാംമതം സ്വീകരിച്ച വ്യക്തിയാണ് ഹസ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹബ് ഖാദിയാനി(റ). അദ്ദേഹം ഖാദിയാനിൽ വന്നു. എന്നാൽ, അദ്ദേഹത്തിന്റെ പിതാവ് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് നാട്ടിൽ പോയതിനുശേഷം തിരിച്ചയക്കാമെന്ന് പറഞ്ഞ് മടക്കിക്കൊണ്ടുപോയി. വീട്ടിൽ കൊണ്ടുപോയി അദ്ദേഹത്തെ മർദ്ദിക്കാൻ തുടങ്ങി. നിസ്കരിക്കുന്നതിൽനിന്ന് തടഞ്ഞു. അവിടന്ന് പറയുന്നു: ഒരുകാലത്ത് നിർബന്ധകാര്യങ്ങളിൽ നിന്നുപോലും എന്നെ തടയാൻ ശ്രമം നടന്നിരുന്നു. അക്കാലത്ത് ചിലപ്പോൾ പല നിസ്കാരങ്ങളും ഒന്നിച്ചോ, അല്ലെങ്കിൽ ആംഗ്യത്താലോ ആണ് നിസ്കരിച്ചിരുന്നത്. ഒരു ദിവസം രാവിലെ, മറയ്ക്കിരിക്കാൻ എന്ന ഭാവത്തിൽ ഞാൻ വെളിയിലേക്കിറങ്ങി. വുളു ചെയ്ത്, വയലിനുൾഭാഗത്ത് നിസ്കരിക്കുകയായിരുന്നു. അപ്പോൾ ഒരു കശ്മീരി എന്റെയടുത്തുവന്നു നിന്നു. എന്നെ വകവരുത്താൻ ഏതോ ശത്രു വന്നു നില്ക്കുകയാണെന്ന് എനിക്കുതോന്നി. അതുകൊണ്ട് ഞാൻ നിസ്കാരം ദീർഘിപ്പിച്ചു. ദുആയിൽ മുഴുകി. എന്നാൽ, സലാം ചൊല്ലിക്കഴിഞ്ഞപ്പോഴാണ് അതൊരു കാശ്മീരി തൊഴിലാളിയാണെന്ന് മനസ്സിലായത്. ഞാൻ നിസ്കരിക്കുന്നത് കണ്ട് അയാൾ വളരെ സന്തോഷിച്ചു. നിസ്കാരം കഴിഞ്ഞപ്പോൾ സന്തോഷത്തോടെ അയാൾ ചോദിച്ചു: മുൻശീജി, താങ്കൾ മുസ്ലിമാണെന്ന കാര്യം സത്യമാണോ? ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഇസ്ലാമിൽ നിലകൊള്ളുന്നു. അല്ലാഹു താങ്കളെ എനിക്കുവേണ്ടി സാക്ഷിയായി അയച്ചിരിക്കുകയാണ്. കുറഞ്ഞപക്ഷം, താങ്കൾ ഞാൻ മുസ്ലിമാണെന്നതിന് സാക്ഷിയായിരിക്കുമല്ലോ?

മൗലവി ഹസൻ അലി സാഹിബ് ഭാഗൽപ്പൂരി, മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയോടു ബയ്അത്തിന്റെ നേട്ടങ്ങളെക്കുറിച്ച് വിവരിക്കുന്നു. അവിടന്ന് പറയുന്നു: വിശുദ്ധഖുർആനേയും നബി(സ) തിരുമേനിയേയും കുറിച്ചുള്ള മഹത്വം ഇപ്പോൾ എനിക്കുള്ളതുപോലെ മുമ്പുണ്ടായിരുന്നില്ല. ഇതെല്ലാം ഹസ്റത്ത് മിർസാ സാഹിബ് മുഖേന ലഭിച്ചതാണ്.

മൗലാനാ മുഹമ്മദ് ഇബ്റാഹീം സാഹിബ് ബഖാവൂരി(റ) തന്റെ നാട്ടിൽ പോയി താൻ ബയ്അത്ത് ചെയ്തിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചു. അതൊരു കോലാഹലംതന്നെ സൃഷ്ടിച്ചു. കഠിനമായ എതിർപ്പുകൾ തുടങ്ങി. അഹ്ലെഹദീസുകാർ, മുഖാത്തിഅ- ആരും അദ്ദേഹവുമായി സംസാരിക്കാൻ പാടില്ല- എന്ന് വിധിച്ചു. ജനങ്ങൾ പരസ്യമായി അദ്ദേഹത്തെ ചീത്തവിളിക്കാനും പറയാനും തുടങ്ങി. അത്തരം ദുർഘടസന്ധിയിൽ മൗലാനാസാഹിബ് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയുകയും തഹജ്ജുദിൽ താണുകേണ് അപേക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹുതആല അദ്ദേഹത്തിൽ സ്വപ്നത്തിന്റേയും ദർശനത്തിന്റേയും കവാടം തുറന്നു. ഇത് അദ്ദേഹത്തിന് ആദ്യത്തെ അനുഭവമായിരുന്നു. ഇങ്ങനെ അദ്ദേഹത്തിന് സമാധാനം ലഭിക്കാനും അവിടത്തെ വിശ്വാസത്തിലും ദൈവജ്ഞാനത്തിലും വർദ്ധനവുണ്ടാകാനും ഹസ്റത്ത്

ഹസ്റത്ത് മിയാൻ മുഹമ്മദുഖാൻ സാഹിബ് (റ)നെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"എന്റെ സ്നേഹിതൻ മിയാൻ മുഹമ്മദ്ഖാൻ സാഹിബ് കപൂർത്തലയിലെ ഒരു ഉദ്യോഗസ്ഥനാണ്. സാധുപ്രകൃതിയും ശുദ്ധമായ മനസ്സും സൂക്ഷ്മബുദ്ധിയും സത്യത്തെ ഇഷ്ടപ്പെടുന്നയാളുമാണ്. എന്നെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിശ്വാസവും തീരുമാനവും സ്നേഹവും സദ്ഭാവനയും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തത്ര അധികമാണ്. അദ്ദേഹത്തിന്റെ ഈ ഉയർന്നനിലയിലുള്ള സങ്കല്പത്തിൽ എപ്പോഴെങ്കിലും സന്ദേഹമുണ്ടാകുമെന്ന് ഞാൻ ഒരിക്കലും ശങ്കിക്കുന്നില്ല. എനിക്കുള്ള ശങ്ക അത് അതിരുകടന്നുപോകുമോ എന്നാണ്. അദ്ദേഹം സത്യഹൃദയത്തോടുകൂടി കൂറുപുലർത്തുന്നയാളും ജീവൻ പോലും ബലിയർപ്പിക്കാൻ തയ്യാറുള്ള വ്യക്തിയും നേരായ സ്ഥിതിഗതികളിൽ നിലകൊള്ളുന്നയാളുമാണ്. അല്ലാഹു അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ യുവസഹോദരൻ സർദാർ അലിഖാനും എനിക്ക് ബയ്അത്ത് ചെയ്തു കഴിഞ്ഞു. ഈ കുട്ടിയും തന്റെ സഹോദരനെപ്പോലെ വളരെ സന്മാർഗ്ഗിയും സുശിക്ഷിതനുമാണ്. അല്ലാഹു അവരുടെ സംരക്ഷകനായിരിക്കട്ടെ."

ഖാസി സിയാവുദ്ദീൻ സാഹിബിന്റെ മാതൃകയും നമ്മുടെ മുമ്പിലുണ്ട്. ഖാസി അബ്ദുർറഹീം സാഹിബ് പറയാറുണ്ടായിരുന്നു. ഒരിക്കൽ പിതാവ് സന്തോഷത്തോടെ പറഞ്ഞു: ഞാൻ വുളു ചെയ്യുകയായിരുന്നു. (ഖാസി സിയാവുദ്ദീൻ സാഹിബ്) ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അവിടത്തെ ഭൃത്യനായ ഹാഫിസ് ഹാമിദലി സാഹിബ് എന്നെക്കുറിച്ച് ചോദിച്ചു. ഇത് ഏതു സാഹിബാണെന്ന്! ഹുസൂർ(അ) എന്റെ പേരും മേൽവിലാസവും പറഞ്ഞുകൊടുത്തുകൊണ്ട് ഇങ്ങനേയും പറഞ്ഞു: ഈ വ്യക്തിയ്ക്ക് നമ്മോട് അതിയായ സ്നേഹമുണ്ട്. ഖാസി സാഹിബ് ഇക്കാര്യത്തിൽ അഭിമാനം കൊണ്ടുവെങ്കിലും ഹുസൂറിനെങ്ങനെ തന്റെ മനസ്സിലെ കാര്യം അറിയാൻ കഴിഞ്ഞുവെന്നതിൽ അത്ഭുതപ്പെട്ടു. ഈ സ്നേഹത്തിന്റെ ഫലമായി, ഹസ്റത്ത് ഖാസി സാഹിബ് തന്റെ വഫാത്തിന്റെ നേരത്ത് തന്റെ മക്കളോടു വസിയ്യത്ത് ചെയ്തു. ഞാൻ വളരെ പ്രയാസപ്പെട്ടാണ് നിങ്ങളെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട്ടുപടിക്കൽ കൊണ്ടുവന്നിട്ടുള്ളത്. എന്റെ ശേഷം ഈ വീട്ടുപടിയെ നിങ്ങളൊരിക്കലും ഉപേക്ഷിച്ചുകളയരുത്."

മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹം വർദ്ധിക്കാനും തുടങ്ങി. അവിടന്ന് ഭ്രാന്തനെപ്പോലെ പ്രബോധനരംഗത്തിറങ്ങി. അതുകണ്ടപ്പോൾ അദ്ദേഹത്തിന്റെ അമ്മാവൻ, ഭാര്യാപിതാവുമായിരുന്നു അദ്ദേഹം, വീട്ടിൽനിന്ന് ഇറങ്ങിപ്പോകാൻ ശാഠ്യംപിടിച്ചു. പോലീസിൽനിന്ന് സഹായം തേടുമെന്നും ഭീഷണിപ്പെടുത്തി. അതുകൊണ്ട് അവിടന്ന് ബഹാപുരിലെത്തി. അവിടെ മുഖാത്തിഅ ഉണ്ടായില്ലെങ്കിലും എതിർപ്പ് ശക്തമായി തുടർന്നുകൊണ്ടിരുന്നു. പൊതുജനങ്ങൾക്കു പുറമെ അവിടത്തെ പിതാവും ചെറിയ സഹോദരനും എതിരാളി സംഘത്തിൽപ്പെട്ടിരുന്നു. എന്നാൽ മൂത്തസഹോദരൻ എതിരല്ലായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ ഉമ്മ ഭർത്താവിനോടു പറഞ്ഞു: "എന്റെ മകനെ നിങ്ങളെന്തിനാണ് ചീത്ത പറയുന്നത്. അവൻ മുമ്പത്തെക്കാളേറെ നിസ്കരിക്കുന്നു." ഉപ്പ പറഞ്ഞു: മഹ്ദിയാണെന്ന് വാദിച്ച മിർസാ സാഹിബിനെ ഇവൻ വിശ്വസിച്ചിരിക്കുന്നു! ഉമ്മ പറഞ്ഞു: ഇമാം മഹ്ദിയെ വിശ്വസിക്കുകയെന്നത്, സന്മാർഗ്ഗം കിട്ടിയ മഹാത്മാക്കളുടെ വിശ്വാസമാണ്. അദ്ദേഹത്തെ വിശ്വസിച്ചപ്പോൾ എന്റെ മകന് കൂടുതൽ ഹിദായത്ത് കിട്ടിയിരിക്കുന്നു. അതിനുള്ള തെളിവ് അവന്റെ കർമ്മത്തിലൂടെ പ്രകടമാകുന്നുമുണ്ട്. തന്റെ മകനോട്, താൻ ബയ്അത്ത് ചെയ്തതായി കത്തെഴുതി അറിയിക്കാനും ഉമ്മപറഞ്ഞു. അവിടന്ന് തബ്ലീഗിൽ മുഴുകി. ഒരുവർഷത്തിനുള്ളിൽ പിതാവും ചെറിയ അനുജനും ബയ്അത്ത് ചെയ്തു. മൂത്തസഹോദരൻ ഒന്നാം ഖിലാഫത്തുകാലത്തും ബയ്അത്ത് ചെയ്തു.

ഹസ്റത്ത് മൗലാനാ ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമി(റ)യെ കുറിച്ച് ഹസ്റത്ത് മൗലവി അബ്ദുൽ മുഗ്നി സാഹിബ് എഴുതുന്നു. പ്രൗഢിയോ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്ന പ്രവൃത്തിയോ പുറംപൂച്ചോ അറിവിലുള്ള ഊറ്റമോ അഹങ്കാരമോ ഒന്നും അദ്ദേഹത്തിലുണ്ടായിരുന്നില്ല. ഖാദിയാനിൽ ഉണ്ടായിരുന്ന കാലത്ത് ആരെങ്കിലും മൗലവി സാഹിബ് എന്ന് വിളിച്ചാൽ ഉടനെ മൗലവി എന്ന് വിളിക്കരുതെന്ന് പറഞ്ഞ് വിലക്കുമായിരുന്നു. അദ്ദേഹം പറയുമായിരുന്നു: ഞാനിപ്പോൾ ഹസ്റത്ത് മിർസാ സാഹിബിൽനിന്ന് അലിഫ്, ബെ, പഠിക്കാൻ തുടങ്ങിയതേയുള്ളൂ. അദ്ദേഹം വലിയ പണ്ഡിതനായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ എടുത്തുപറഞ്ഞിട്ടുണ്ട്. മദ്റസ അഹ്മദിയ്യ തുടങ്ങുന്നതിനും മൗലവി സാഹിബ് ഒരു കാരണമായിരുന്നു.

ഹസ്റത്ത് മൗലവി ഹസ്സൻ അലി സാഹിബ് ഭാഗൽപ്പൂരി പറയുന്നു. 1896 ജനുവരി 13-ന് ഞാൻ എന്റെ ഇമാമിനോടു യാത്ര പറഞ്ഞ് ലാഹോറിൽ എത്തി. ഇംഗ്ലീഷിൽ നല്ലൊരു പ്രസംഗം ചെയ്തു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് എനിക്കുണ്ടായ നേട്ടങ്ങളെല്ലാം ഞാൻ വിവരിച്ചു. പഞ്ചാബിലൂടെ യാത്ര ചെയ്ത് ഞാൻ മദ്രാസിലെത്തിയപ്പോൾ, സത്യത്തെ ഇഷ്ടപ്പെടുന്നവർക്ക് നേരിടേണ്ടിവരുന്ന എല്ലാ വിഷമങ്ങളും സഹിക്കേണ്ടിവന്നു. പള്ളിയിൽ നിസ്കരിക്കാൻ പോകുന്നത് തടഞ്ഞു. ഹസ്സൻഅലി സുന്നത്ത് ജമാഅത്തിൽനിന്ന് പുറത്തുപോയ ആളാണെന്നും അതുകൊണ്ട് അയാളുടെ ഉപദേശപ്രസംഗം കേൾക്കരുതെന്നും എല്ലാ പള്ളിയിലും വിളംബരം ചെയ്തു. ഞാൻ കുഴപ്പമുണ്ടാക്കുന്ന ആളാണെന്ന് പോലീസിൽ പരാതി നല്കി. ഒരുകാലത്ത് ഞാൻ ഇസ്ലാമിന്റെ ഉപദേശകന്മാരുടെ സൂര്യൻ എന്ന് പറയപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഹസ്സൻഅലി വെറും പ്രസംഗകൻ എന്ന് പറയപ്പെടാൻ തുടങ്ങി. മുമ്പ് ഉപദേശകരിൽ ഒരു 'വലി'യായി ഗണിക്കപ്പെട്ടിരുന്നു. ഇപ്പോൾ എന്നെക്കാൾ വലിയ ശയ്ത്വാൻ അവരുടെ പക്കൽ മറ്റാരുമുണ്ടായിരുന്നില്ല. എവിടെപ്പോയാലും ജനങ്ങൾ എനിക്കെതിരെ തിരിഞ്ഞു. സലാം ചൊല്ലിയാൽ മറുപടിയില്ല. എന്നെകാണുന്നതുപോലും ജനങ്ങൾ ഭയപ്പെട്ടു. ഞാൻ ഒരു വന്യമൃഗമായിത്തീർന്നു. പള്ളികൾ എനിക്ക് നഷ്ടപ്പെട്ടപ്പോൾ ഹിന്ദുക്കളിൽനിന്ന് ഒരു ഹാൾ വാടകക്കെടുത്ത് ഒരു ദിവസം ഇംഗ്ലീഷിലും ഒരു ദിവസം ഉർദുവിലും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെക്കുറിച്ച് വിശദീകരിച്ചു. അത് ജനങ്ങളെ സ്വാധീനിക്കുകയും ചെയ്തു."

ഇതാണ് ത്യാഗത്തിന്റേയും തബ്ലീഗ് ചെയ്യുന്നതിന്റേയും രീതി. ഈ വിപ്ലവമാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഉണ്ടാക്കിയത്.

ഹസ്റത്ത് മുൻശി അബ്ദുർറഹ്മാൻ സാഹിബ് കപൂർത്തലവി(റ)നെക്കുറിച്ചുള്ള സ്മരണയാണ് അടുത്തത്. പെൻഷൻപറ്റിയതിനുശേഷം ഹസ്റത്ത് മുൻശീ സാഹിബ് തന്റെ ഉദ്യോഗജീവിതത്തെ വിലയിരുത്തി. സർക്കാരിന്റെ സ്റ്റേഷനറി സാധനങ്ങളിൽനിന്ന് നിർധനരായ കുട്ടികൾക്ക് കടലാസും പേനയും പെൻസിലും കൊടുത്തത് ശരിയല്ലെന്ന് തോന്നി. അതായത്, ഗ്രാമത്തിലെ കുട്ടികളും വിദ്യാർത്ഥികളും മുൻശീസാഹിബിനോട് ഇത്തരം സാധനങ്ങൾ ചോദിച്ചുവാങ്ങാറുണ്ട്. അത് ശരിയായ രീതി ആയിരുന്നില്ലെന്ന് പിന്നീട് തോന്നി. വാസ്തവത്തിൽ വർഷങ്ങളോളം ഇങ്ങനെ കൊടുത്ത സാധനങ്ങളുടെ വില നോക്കിയാൽ 4,5 രൂപയേ ഉണ്ടാകുകയുള്ളൂ. എന്നാൽ, തനിക്ക് അങ്ങനെ ചെയ്യാൻ അവകാശമുണ്ടായിരുന്നില്ലെന്ന് മുൻശീ സാഹിബ് മനസ്സിലാക്കി. അദ്ദേഹം കപൂർത്തലയിലെ പ്രധാനമന്ത്രിക്കെഴുതി. "ഞാൻ ഈ രീതിയിൽ ചില ഘട്ടങ്ങളിൽ സ്റ്റേഷനറി സാധനങ്ങൾ ചെലവാക്കിയിട്ടുണ്ട്. താങ്കൾ രാജ്യത്തിന്റെ ഭരണാധികാരി എന്ന നിലയിൽ എനിക്കു മാപ്പുതന്നാലും; അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടിവരുന്നതിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി." ഭരണാധികാരി അദ്ദേഹത്തിന് പൊറുത്തുകൊടുത്തിട്ടുണ്ടാകും എന്നത് വ്യക്തമാണ്.

പിന്നീട് മുൻശീ സാഹിബ് വാർദ്ധക്യം പ്രാപിച്ചു. എപ്പോഴും ഡയറി എഴുതുന്നശീലം യുവത്വകാലം മുതൽതന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. ആർക്കെങ്കിലും കടം വീട്ടാനുണ്ടോ എന്ന ചിന്ത വാർദ്ധക്യകാലത്ത് അദ്ദേഹത്തിനുണ്ടായി. ഡയറി പരിശോധിച്ചപ്പോൾ 40 വർഷം മുമ്പത്തെ ഒരു സംഭവം കണ്ടു. അതായത്, മുൻശീസാഹിബ് ഒരു അനഹ്മദിയുമായി ചേർന്ന് ഒരു നിസ്സാരമായ കച്ചവടം നടത്തിയിരുന്നു. അതിന്റെ ലാഭത്തിൽനിന്ന് 40 രൂപ മുൻശീസാഹിബ് തന്റെ കൂട്ടുകാരന് നല്കണമായിരുന്നു. അവിടന്ന് ഈ തുക അയാളുടെ പേരിൽ മണിയോർഡർ അയച്ചു; മടക്ക് രസീതു ലഭിക്കുന്നതിനുവേണ്ടി. അയാൾ കപൂർത്തലവാസിയായിരുന്നു. അജബ്ഖാൻ എന്നായിരുന്നു അയാളുടെ പേര്. മണിയോർഡർ കിട്ടിയതിനുശേഷം അയാൾ പള്ളിയിലേക്കു പോയി. ജനങ്ങളോടു പറഞ്ഞു. അഹ്മദികൾ അങ്ങേയറ്റം മോശക്കാരാണെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. എന്നാൽ ഈ മാതൃക ഒന്നു കാണിച്ചുതരിക. നാല്പത് വർഷം മുമ്പത്തെ സംഭവമാണ്. അദ്ദേഹം എനിക്ക് ഈ തുക തരാനുണ്ടെന്ന കാര്യം എനിക്കുപോലും അറിയില്ലായിരുന്നു."

എന്തായാലും മുൻശീസാഹിബിന്റെ ഈ കർമ്മം ***ഹാസിബൂ ഖബ്ല അൻതുഹാസിബു*** എന്നതിനെ സാക്ഷ്യപ്പെടുത്തുന്നതാണ്.

ഹാജി ഗുലാം അഹ്മദ് സാഹിബ് പറയുന്നു. അന്നാളുകളിൽ നടന്ന ഒരു സംഭവമാണ്. ഒരഹ്മദിയും ഒരനഹ്മദി ഗ്രാമത്തലവനും ഒരു ഗ്രാമത്തിലേക്ക് പോകുകയായിരുന്നു. അതൊരു വസന്തകാലമായിരുന്നു. വയലുകളിൽ നിലക്കടല വിളഞ്ഞു കിടന്നിരുന്നു. അഹ്മദി വഴിയിൽനിന്ന് ഒരു കടലയെടുത്ത് വായിലിട്ടു. ഓർമ്മ വന്നപ്പോൾ തുപ്പിക്കളയുകയും ചെയ്തു. തൗബ തൗബ എന്നു പറ

യാൻ തുടങ്ങി. എന്തിന് അന്യന്റെ നിലക്കടല വായിലിട്ടു എന്നോർത്തായിരുന്നു അത്. അദ്ദേഹത്തിന്റെ ഈ പ്രവൃത്തി ഗ്രാമത്തലവനിൽ വലിയ സ്വാധീനമുളവാക്കി. കാരണം, ഈ അഹ്മദീ, അഹ്ദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ പ്രസിദ്ധനായ പരാതിക്കാരനും കള്ളസാക്ഷ്യം പറയുന്നവനും കൈക്കൂലി തിന്നുന്നവനുമായിരുന്നു. ബയ്അത്തിനുശേഷം അയാളിലുണ്ടായ പെട്ടെന്നുള്ള മാറ്റം കണ്ട്, നിസ്കാരം ചിട്ടയോടെ അനുഷ്ഠിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും കളവിൽനിന്ന് അകലുകയും ചെയ്യുന്നത് കണ്ടപ്പോൾ ഗ്രാമത്തലവനും ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ കുടുംബക്കാരും അഹ്മദിയായി."

ഹസ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ) പറയുന്നു: രാജകിയിലെത്തിയുടനെ ഔദാര്യമുടയവനായ അല്ലാഹു എന്നിൽ തബ്ലീഗിനുള്ള ആവേശം ജനിപ്പിച്ചു. അങ്ങനെ രാവും പകലും ഭ്രാന്തനെപോലെ സ്വന്തക്കാരുടേയും മറ്റുള്ളവരുടേയും ഓരോ സദസ്സിലും പോയി സലാം ചൊല്ലുകയും കാലത്തിന്റെ ഇമാം വെളിപ്പെട്ടതിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് അഹ്മദിയ്യത്ത് പ്രബോധിക്കാൻ തുടങ്ങുകയും ചെയ്തു. ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചതും തബ്ലീഗ് ചെയ്യുന്നതും ചുറ്റുപാടും അറിഞ്ഞപ്പോൾ, സ്വയം വലിയവരെന്ന് കരുതിയിരുന്ന എന്റെ കുടുംബത്തിലെയാളുകൾ തലമുറ തലമുറയായി വലിമാർ പിറവിയെടുത്തുകൊണ്ടിരുന്ന എന്റെ കുടുംബത്തിന് ഞാൻ നാണക്കേടാണെന്ന് മനസ്സിലാക്കാൻ തുടങ്ങി. എന്റെ പിതാവിന്റെയും പിതൃസഹോദരന്റേയും അടുക്കൽവന്ന് എന്നെക്കുറിച്ച് അതുമിതും പറയാനും തുടങ്ങി. എന്റെ കുടുംബത്തിലെ പ്രായം ചെന്നവർ ഇവർ പറയുന്നത് കേട്ടപ്പോൾ എന്റെ വിശ്വാസത്തെ തങ്ങളുടെ പൈതൃകത്തിനും തറവാടിത്വത്തിനും വിരുദ്ധമായിക്കണ്ടു. അവർ എന്നെ ഒറ്റപ്പെടുത്താനും ശപിക്കാനും തുടങ്ങി. അവസാനം നമ്മുടെ ഈ വലിയാളുകളുടെയും, മറ്റുള്ളവരുടെയും വെറുപ്പും വിദ്വേഷവും എത്രമാത്രം ആയെന്നുവെച്ചാൽ, ഒരുദിവസം ദാലിയ താലൂക്കിലെ ധരീകാൻ എന്ന സ്ഥലത്തെ മൗലവി ശേഖ് അഹ്മദിനെയും മറ്റു മതപണ്ഡിതന്മാരേയും നമ്മുടെ ഗ്രാമത്തിൽ കൊണ്ടുവന്നു. ഇവിടെ വന്നുടനെ, അവർ നൂറുകണക്കിന് മതപണ്ഡിതന്മാർ ഇരിക്കുന്ന സദസ്സിലേക്ക് എന്നെ വിളിപ്പിച്ചു. അഹ്മദിയ്യത്തിൽനിന്ന് തൗബ ചെയ്തു മടങ്ങാൻ പറഞ്ഞു. അന്ന് എന്റെ പ്രായം 18, 19ന് അടുത്തായിരുന്നു. എന്നാൽ, അല്ലാഹു എനിക്ക് കനിഞ്ഞുനല്കിയ ആത്മീയമായ ധൈര്യം കാരണം ഞാൻ ആ മതപണ്ഡിതന്മാർക്ക് ഒരു വിലയും നല്കിയില്ല. ഞങ്ങളുടെ നാട്ടിലെ ഭൂഉടമകളും ഗ്രാമത്തലവനും ഗ്രാമങ്ങളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരും പങ്കെടുത്ത ആ നിറഞ്ഞസദസ്സിൽവെച്ച് സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ നല്കാൻ പരിശ്രമം നടത്തി. എന്നാൽ മൗലവി ശേഖ് അഹ്മദും കൂട്ടുകാരും എന്റെ തെളിവുകൾ കേൾക്കാതെതന്നെ എന്നെ കാഫിറെന്ന് മുദ്രകുത്തി. തലമുറ തലമുറയായി വലിയുമാർ പിറവിയെടുത്തുകൊണ്ടിരുന്ന ഒരു പ്രഗത്ഭ കുടുംബത്തിനാണ് ഈ പയ്യൻ ക്ഷതമേല്പിച്ചിരിക്കുന്നതെന്ന് പറഞ്ഞു. എന്നിട്ട്, ആരും ഞാനുമായി സംസാരിക്കരുതെന്ന് വിളംബരം ചെയ്തു. ഈ അവസരത്തിൽ എന്റെ മൂത്തപിതൃസഹോദരന്റെ മകൻ ഹാഫിസ് ഗുലാം ഹുസ്സയ്ൻ- അദ്ദേഹം ഒത്തപൊക്കവും വണ്ണവുമുള്ള ആളായിരുന്നു- എഴുന്നേറ്റുനിന്ന് എന്നെ പിന്താങ്ങിക്കൊണ്ട് ഈ മൗലവിമാരേയും ഉദ്യോഗസ്ഥന്മാരേയും ശരിക്കും വഴക്കു പറഞ്ഞു. ജനങ്ങൾ ഇവരുടെ കുടുംബബന്ധം കണ്ടപ്പോൾ, അവിടെ കഹലമുണ്ടാകുമെന്ന് മനസ്സിലാക്കി അവരവരുടെ ഗ്രാമങ്ങളിലേക്ക് പിരിഞ്ഞുപോയി .

ഈ കുഫ്ർ ഫത്വയ്ക്കുശേഷം എനിക്ക് ലാഇലാഹ ഇല്ലല്ലായിലെ, ആയിരക്കണക്കിന് കഠിനപരിശ്രമങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ശേഷം മാത്രം ലഭിക്കുന്ന കലർപ്പില്ലാത്ത തൗഹീദിന്റെ പാഠം ആ ആലിംകളുടെ കോലാഹലങ്ങളും ബന്ധുക്കളുടെ ഒറ്റപ്പെടുത്തലും എന്നെ പഠിപ്പിച്ചു. ഉനക്കാഅ്, ഹുമാ തുടങ്ങിയ ഭാവനാത്മകമായ പക്ഷികളെപ്പോലെ ജനങ്ങളുടെ ചിന്തയിൽനിന്ന് നൂറ്റാണ്ടുകളായി അകന്നുകഴിഞ്ഞിരുന്ന ആ ദൈവം സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നുബുവ്വത്തിലൂടെ അതിന്റെ ദൃഢപരമായ തേജസ്സോടുകൂടി ആരുമല്ലാത്ത എന്നിൽ വെളിപ്പെട്ടു. ഈ മതപണ്ഡിതന്മാർ ഓരോ ഗ്രാമങ്ങളിലും ചുറ്റിക്കറങ്ങി എന്റെ അറിവില്ലായ്മയേയും, എനിക്കെതിരെ നല്കിയ ഫത്വയേയും കുറിച്ച് പറഞ്ഞുനടന്നപ്പോൾ എന്റെ അല്ലാഹു എനിക്ക് സുവാർത്ത നല്കി.

മൗലവി ഗുലാം റസൂൽ, യുവാവായ സ്വാലിഹ് കറാമാത്തി, ഈ ഇൽഹാമിനുശേഷം അല്ലാഹു എനിക്ക് വലിയ വലിയ പണ്ഡിതന്മാരുമായി നടത്തിയ വാദപ്രതിവാദത്തിന് വ്യക്തമായ വിജയം നല്കി. അതിനോടൊപ്പം സയ്യിദുനാ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗ്രഹത്താൽ മുന്നറിയിപ്പു നല്കുന്നതും സുവാർത്ത അറിയിക്കുന്നതു

മായ കറാമാത്തുകളും വെളിപ്പെടുത്തി. അതിന് ഒരു കാലം സാക്ഷിയാണ്.

മൗലവി ഹസ്സൻഅലി സാഹിബ് ഭാഗൽപൂരിയെ കുറിച്ചുപറയുന്നു. എന്തോ ചർച്ച നടക്കുകയായിരുന്നു. മിർസാ സാഹിബിനെ കണ്ടിട്ട് എന്തു നേട്ടമുണ്ടായി എന്നു ചോദിക്കാൻ ആരോ പറയുന്നതുകേട്ടു. ഞാൻ പറഞ്ഞു. ഹാ, ജി. നേട്ടമുണ്ടായി. അനാവശ്യമായി ദുഷ്പേര് തലയിൽ വലിച്ചുവയ്ക്കാൻ മാത്രം ഞാൻ എന്താ ഭ്രാന്തനായിരുന്നോ. സാമ്പത്തികമായ അവസ്ഥയെല്ലാം താറുമാറായി. എന്തുണ്ടായി എന്ന് എന്തുപറയാനാണ്. മരിച്ചവനായിരുന്നു. എഴുന്നേറ്റു നടക്കാൻ തുടങ്ങി. ചെയ്ത പാപങ്ങൾ വിളിച്ചുപറയുന്നത് നല്ലതല്ല. ഒരു ചെറിയ കാര്യം പറയാം. കഴിഞ്ഞ മുപ്പതുവർഷമായി. ഹുക്ക വലിക്കുന്ന ശീലക്കാരനായിരുന്നു. ഏറ്റവും വെറുപ്പുള്ള കാര്യം. പലരും ഉപദേശിച്ചു. പലപ്പോഴും നിറുത്തണമെന്ന് ഉറച്ചുതീരുമാനിക്കുകയും ചെയ്തു. പക്ഷേ, ആത്മീയമായ ശക്തി ബലഹീനമായ കാരണത്താൽ ശക്തമായ ഈ പഴയ ദുശ്ശീലത്തെ അകറ്റാൻ കഴിഞ്ഞില്ല. അൽഹം ദുലില്ലാഹ്. ഹസ്റത്ത് മിർസാ സാഹിബിന്റെ ഉപദേശം വല്ലാതെ സ്വാധീനിച്ചു. ഒരു വർഷത്തോളമായി ഹുക്ക വായിൽവെച്ചിട്ട്.

ഹസ്റത്ത് മൗലവി മുഹമ്മദ് സയ്യിദ് സർവർശാഹ് സാഹിബ്(റ)ന് കറുപ്പ് തിന്നുന്ന ശീലമുണ്ടായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിനു ശേഷം അദ്ദേഹം അതുപേക്ഷിച്ചു. ഡാക്ടർമാരുടെ അഭിപ്രായത്തിൽ അത് മെല്ലെ മെല്ലെ മാത്രമേ ഉപേക്ഷിക്കാൻ പാടുള്ളൂ. പെട്ടെന്ന് നിറുത്തിയാൽ മരണംപോലും സംഭവിക്കാം. അദ്ദേഹത്തിന്റെ പാണ്ഡിത്യം കാരണം ഹസ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. അഫീൻ ഉപേക്ഷിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന് കഠിനമായ രോഗം ബാധിച്ചു. അത്തരം ഒരവസ്ഥയിൽ മസ്ജിദ് മുബാറക്കിൽ നിസ്കാരത്തിനായി വന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ അവസ്ഥ കണ്ടിട്ട് പറഞ്ഞു. താങ്കൾ മെല്ലെ മെല്ലെ അതുപേക്ഷിക്കണമായിരുന്നു. ഒറ്റയടിക്കെന്തിനാണ് ഉപേക്ഷിച്ചത്. അദ്ദേഹം പറഞ്ഞു: ഹുസൂർ! തീരുമാനിച്ചുറച്ചപ്പോൾ ക്ഷണത്തിൽ ഉപേക്ഷിച്ചു.

നബി(സ) തിരുമേനിയുടെ കാലത്ത് മദ്യം നിരോധിച്ചപ്പോഴത്തെ അവസ്ഥ ഓർത്തുനോക്കുക. മദ്യക്കുടങ്ങൾ ഓരോന്നോരോന്നായി ഉടയാൻ തുടങ്ങിയിരുന്നു.

ഹസ്റത്ത് മൗലവി ഇബ്റാഹീം സാഹിബ് ബഖാപൂരി(റ) എഴുതുന്നു. ഞാൻ ഇവിടെത്തെ ആലിംകളിൽ വലിയൊരാളെ കണ്ടു. മഹ്ദിയെന്നും മസീഹെന്നും വാദിക്കുന്ന ആളെ സന്ദർശിക്കുകയും ചെയ്തു. ഇനി ഖാദിയാനിലെ സാധാരണക്കാരുടെ അവസ്ഥയും നോക്കണമെന്നുതോന്നി. അങ്ങനെ ഞാൻ ലങ്കർഖാനയിലെത്തി. ആ സമയത്ത് അദ്ദേഹം ബയ്അത്ത് ചെയ്തിരുന്നില്ല. അക്കാലത്ത് ലങ്കർഖാന ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വീടിന്റെ തെക്കുഭാഗത്തായിരുന്നു. വലിയ കിണറിന്റെ കിഴക്കുഭാഗത്തും. ലങ്കർഖാനയിൽ ഒരു ചെറിയ ചെമ്പുച്ചട്ടി കണ്ടു. അതിൽ പരിപ്പുകറിയുണ്ടായിരുന്നു. കറിയുടെ കുറച്ച് ചാറും ഉണ്ടായിരുന്നു. പരേതനായ മിയാൻ നജ്മുദ്ദീൻ സാഹിബ് ഭേർവിയായിരുന്നു അവിടെത്തെ മേൽനോട്ടക്കാരൻ. ഞാൻ മിയാ നജ്മുദ്ദീൻ സാഹിബിനോടു ഭക്ഷണം ചോദിച്ചു. അദ്ദേഹം എനിക്ക് റൊട്ടിയും പരിപ്പുകറിയും തന്നു. എനിക്ക് പരിപ്പുകറി വേണ്ട, ഇറച്ചിക്കറി തരിക എന്നു പറഞ്ഞു. അദ്ദേഹം ഇറച്ചിക്കറി തന്നു. വേണ്ട വേണ്ട പരിപ്പുകറി തന്നെ മതിയെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഇറച്ചിക്കറി മാറ്റി പരിപ്പുകറി ഒഴിച്ചു. ഇതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത്, ഇവിടെത്തെ ജോലിക്കാരുടെ സ്വഭാവം എങ്ങനെയെന്ന് നോക്കുകയായിരുന്നു. അങ്ങനെ ഭക്ഷണം കഴിഞ്ഞു. വിവിധ ആളുകളുമായി സംസാരിച്ചു. ലങ്കർഖാനയിലെ മേൽനോട്ടക്കാരുടെ ഓരോ പ്രവൃത്തിയും അല്ലാഹുവിലേക്ക് ശ്രദ്ധ തിരിച്ചുവിടുന്നതായിരുന്നു. അതെന്റെ ഹൃദയത്തെ ആഴത്തിൽ സ്വാധീനിച്ചു. പിറ്റേദിവസം രാവിലെ എല്ലാ മുറിയിൽനിന്നും ഖുർആൻ പാരായണം ചെയ്യുന്നത് കേൾക്കുമാറായി. ചെറിയ ചെറിയ കുട്ടികൾ സുബ്ഹി നിസ്കരിക്കുന്ന കാഴ്ചയും എന്നെ ഹഠാദാകർഷിച്ചു."

ഈ കാഴ്ചകളാണ് ഖാദിയാനിൽ അക്കാലത്ത് മാറ്റങ്ങളുണ്ടാക്കിയത്. ഇന്നും ഇത് എങ്ങും കാണേണ്ടതാണ്.

ഹസ്റത്ത് ശേയ്ഖ് അബ്ദുർറശീദ് സാഹിബിനെക്കുറിച്ച് പറയുന്നു. അനഹ്മദിയായ മൗലവി മുഹമ്മദലി സാഹിബ് ഭോപ്പടി ഇവിടെ വരാറുണ്ടായിരുന്നു. അയാൾ നല്ലൊരു പ്രസംഗകനായിരുന്നു. അയാളുടെ മതപ്രഭാഷണത്തിന് നിരവധി സ്ത്രീകൾ പോകാറുണ്ടായിരുന്നു. ഈരണ്ട് മുമ്മൂന്ന് മാസം കൂടുമ്പോൾ അയാൾ ഇവിടെ വന്നുതാമസിക്കുമായിരുന്നു. അയാൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർക്കാനും ചീത്തപറയാനും തുടങ്ങി. അയാളു

മായും വാദപ്രതിവാദം നടന്നിരുന്നു. ശേയ്ഖ് അബ്ദുർറശീദ് സാഹിബ് ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു. എന്റെ മാതാപിതാക്കൾ എനിക്കെതിരായി സംസാരിക്കാൻ തുടങ്ങി. ഉമ്മയായിരുന്നു കൂടുതൽ കടുംപിടിത്തം പിടിച്ചിരുന്നത്. കാരണം മൗലവി ഭോപ്പടിയുടെ വലിയ സ്വാധീനം അവരിലുണ്ടായിരുന്നു. മാതാപിതാക്കളുടെ ഭീഷണിയെ തുടർന്ന് എനിക്ക് മാസങ്ങളോളം വീടിനു വെളിയിൽ കഴിയേണ്ടിവന്നു. എന്റെ പിതാവ് മാതാവിനോടു പറയുമായിരുന്നു. ഇവന് മുമ്പേ ദീനിനെക്കുറിച്ച് ഒന്നും അറിയുമായിരുന്നില്ല. എപ്പോഴും ഉറക്കമായിരുന്നു. ഇപ്പോൾ നിസ്കരിക്കുന്നു. എന്നല്ല തഹജ്ജൂദ് നിസ്കരിക്കുന്നു. പിന്നെന്തു കാര്യത്തിനാണ് നമ്മൾ, ഇവനെ ശിക്ഷിക്കേണ്ടത്. എങ്കിലും ഭൗതികകാര്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട്, മിർസായിയ്യത്ത് ഉപേക്ഷിക്കാൻ പറയുമായിരുന്നു."

ബയ്അത്ത് ചെയ്തതിനുശേഷം നിസ്കാരം നിലനിറുത്തിയത് സംബന്ധിച്ചുള്ള രണ്ട് സ്വഹാബിമാരുടെ വിവരണമാണ്. മുഹമ്മദ് റഹീമുദ്ദീൻ സാഹിബും, കരീമുദ്ദീൻ സാഹിബും. 1996-ൽ ഞാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. ചൂടുകാലമായിരുന്നു അത്. എന്റെ സുബ്ഹി നിസ്കാരം സാധാരണ ഖസായായി പോകുമായിരുന്നു. ഈ വിവരം കാണിച്ച് ഞാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് എനിക്കുവേണ്ടി കത്തെഴുതി പ്രാർത്ഥിക്കാൻ. അതിനുള്ള മറുപടിയിൽ ഹസ്റത്ത് സാഹിബെഴുതി. നാം ദുആ ചെയ്തിരിക്കുന്നു. താങ്കൾ  സലാത്തും ഇസ്തിഗ്ഫാറും അധികധികമായി ചെയ്തുകൊണ്ടിരിക്കുക. ആ നേരം മുതൽ ഇപ്പോൾവരെ സുബ്ഹി സമയമാകുമ്പോൾ എന്റെ കണ്ണുകൾ തനിയെ തുറക്കുമായിരുന്നു. ഇന്നേവരെ സുബ്ഹി നിസ്കാരം ഖസായായിട്ടില്ല. ഇത് ദുആ സ്വീകാര്യതയുടെ അടയാളമാണ്. എനിക്കുവേണ്ടിയുള്ള ഒരു അത്ഭുതപ്രവൃത്തിയും. അൽഹംദുലില്ലാഹ്.

ഈ കുറിപ്പടി നിങ്ങൾക്കും പരീക്ഷിച്ചുനോക്കാവുന്നതാണ്.

ഹസ്റത്ത് ബദ്റുദ്ദീൻ സാഹിബിന്റെ ബയ്അത്തിനുശേഷമുള്ള ജീവിതം. അദ്ദേഹം പറയുന്നു: ഈ വിനീതൻ വളരെ ചെറുപ്പം മുതൽതന്നെ സിറാത്തുൽ മുസ്തഖീമിന്റെ വഴി തേടിക്കൊണ്ട് അഹ്‌ലെ ഹദീസ്, ശിയാ തുടങ്ങിയ സംഘടനകളിലൂടെ ആര്യസമാജക്കാരുടേയും നിരീശ്വരവാദികളുടേയും ഇടയിൽ അലയുകയായിരുന്നു. വഴികേടിൽ അകപ്പെട്ടുപ്പോകാൻ ഏതാണ്ട് അടുത്തെത്തിയിരുന്നു. എന്റെ പ്രിയങ്കരനായ റബ്ബ്, അവന്റെ സവിശേഷഗുണങ്ങൾ- വിവരിക്കുക എനിക്ക് അസാദ്ധ്യമാണ്- തന്റെ അനുഗ്രഹത്തിന്റേയും കാരുണ്യത്തിന്റേയും കൈനീട്ടിക്കൊണ്ട് എന്നെ താങ്ങിനിറുത്തി. അതായത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം ലേഖ്റാമും തമ്മിലുള്ള മുബാഹല ഞാനറിഞ്ഞു. ഏതാണ്ട് 1903-ലായിരുന്നു അത്. ഞാൻ ഹസ്റത്ത് സാഹിബിന്റെ ലേഖനം വായിച്ചു. മരിച്ചുകിടന്ന എന്റെ ശരീരത്തിനുള്ളിൽ വൈദ്യുതിപ്രവാഹമെന്നപോലെ ജീവിതത്തിന്റെ ആത്മാവ് പ്രവേശിച്ചു. അതോടെ എല്ലാ ചിന്താഗതിയും ഉപേക്ഷിച്ച്, ഹുസൂറിന്റെ എഴുത്തിനോടും പ്രസംഗത്തിനോടും ആസക്തിയുള്ളവനായി തീർന്നു. ഇതിനുശേഷം സത്യവിശ്വാസം സ്വീകരിച്ചു. പ്രവർത്തനരംഗത്ത് ചുവടുവയ്ക്കാൻ തുടങ്ങിയപ്പോൾ പലരീതിയിലുള്ള ബുദ്ധിമുട്ടുകളും മുന്നിൽവന്നു. സത്യം എന്തായാലും മനസ്സിലാക്കിക്കഴിഞ്ഞു. ഇനി മൗനം പാലിച്ചാൽമതി. ജനങ്ങളുടെയിടയിൽ പറഞ്ഞുനടന്ന് ബുദ്ധിമുട്ടുണ്ടാക്കേണ്ട ആവശ്യമെന്ത്? ഈ വിചാരത്തോടെ നിശ്ശബ്ദത പാലിച്ചു. ഇതെന്റെ ബലഹീനതയായിരുന്നു. ഏതൊരു പ്രവൃത്തി ദോഷമായി ബാധിക്കുമെന്ന് കണ്ടാണോ ഞാൻ മൗനംപാലിച്ചത്, അത് ഓരോന്നോരോന്നായി നശിക്കാൻ തുടങ്ങി. അങ്ങനെ ഒന്നല്ലാത്തതെല്ലാം നശിച്ചൊടുങ്ങി. നശിക്കാതിരുന്നത് എന്റെ പരേതനായ പിതാവിന്റെ പലിശയുടെമേൽ പലിശ കയറിക്കൊണ്ടിരുന്ന കടമായിരുന്നു. അതിനെ സംബന്ധിച്ച് എനിക്കുണ്ടായ ഭയം അഹ്മദിയായതിനുശേഷം കടക്കാരൻ എന്നെ നിന്ദ്യനാക്കുമോ എന്നതായിരുന്നു. പക്ഷേ, കടക്കാരനും കുടുംബക്കാരുമെല്ലാം പ്ലേഗ് പിടിപെട്ട് മരിച്ചു. അയാളുടെ എല്ലാ സ്വത്തുക്കളും സർക്കാർ കണ്ടുകെട്ടി. ഞാൻ അയാളുടെ ഉപദ്രവത്തിൽനിന്നും സുരക്ഷിതനായി."

അദ്ദേഹം പറയുന്നു. "ഇതൊന്നു മാത്രമായിരുന്നു നശിക്കാതിരുന്നത്. അടുത്തുതന്നെ ഇതും എന്നെ ദോഷമായി ബാധിക്കുമെന്ന് എനിക്കുറപ്പായി. ഞാൻ ഇതിനുശേഷം ബയ്അത്ത് ചെയ്തുകൊണ്ട് കത്തെഴുതി. അത് വിളംബരപ്പെടുത്തുകയും ചെയ്തു. അല്ലാഹു തന്റെ അനുഗ്രഹത്തിന്റെ മടിത്തട്ടിൽ എന്നെ ഒളിപ്പിച്ചു. മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരായി ബയ്അത്ത് ചെയ്തു. ശേയ്ഖ് ഇർഫാനീ സാഹിബ് മുഖേന പ്രത്യേകമായ കൂടിക്കാഴ്ച നടത്തി ദുആയ്ക്ക് അപേക്ഷിച്ചു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിതൂകിക്കൊണ്ട് പറഞ്ഞു: ഞാൻ ദുആ ചെയ്യുന്നതാണ്."

മിയാൻ മുഹമ്മദുദ്ദീൻ സാഹിബ് ഓഫ് ഖാദിയാൻ എഴുതുന്നു. ആര്യസമാജക്കാരുടേയും ബ്രഹ്മസമാജക്കാരുടേയും നിരീശ്വരവാദിയുടേയും പ്രസംഗങ്ങൾ എന്നേയും എന്നെപ്പോലുള്ള പലരേയും നശിപ്പിച്ചിരുന്ന കാര്യം ഞാൻ പറയുകയുണ്ടായി. ഇതിന്റെ സ്വാധീനത്തിന് വിധേയമായി നിരർത്ഥകമായ ജീവിതമാണ് ജീവിച്ചിരുന്നത്. സൂറഃഇബ്റാഹീം പാരായണം ചെയ്ത് ചെയ്ത് ഞാൻ ദൈവാസ്തികൃത്തെ സംബന്ധിച്ചുള്ള തെളിവുകൾ വായിക്കുമ്പോൾ 90-ാമത്തെ പേജിലെ 3-ാം നമ്പർ അടിക്കുറിപ്പും 149-ാം പേജിലെ 11-ാം നമ്പർ അടിക്കുറിപ്പിലുമെത്തിയപ്പോൾ, നിരീശ്വരത്വം എന്നിൽനിന്ന് അകന്നു. 1893 ജനുവരി 19 അർദ്ധരാത്രി. "ഇതാണ് വേണ്ടത്. ഇതുതന്നെയാണ്" എന്നെഴുതിയ സ്ഥലത്തെത്തിയപ്പോൾ വായിച്ചുടനെ തൗബ ചെയ്തു. വെളിയിൽ വെള്ളം നിറച്ച കലമുണ്ടായിരുന്നു. എന്റെ ജോലിക്കാരൻ ഉണർന്നു. എന്തുപറ്റി എന്തുപറ്റിയെന്ന് ചോദിച്ചു. എന്നാൽ ഞാൻ ആത്മീയമായ ലഹരിയിലായിരുന്നു. അതെന്നെ ആരോടും സംസാരിക്കാൻ അനുവദിച്ചില്ല. അവസാനം ജോലിക്കാരൻ എല്ലാ ശക്തിയും ചെലുത്തിയതിനുശേഷം നിശ്ശബ്ദനായി. ഞാൻ നനഞ്ഞമുണ്ടുടുത്ത് നിസ്കരിക്കാൻ തുടങ്ങി. ജോലിക്കാരൻ നോക്കിയിരുന്നു. ലയിച്ചുള്ള നിസ്കാരം വളരെ ദീർഘിച്ചു. എത്രത്തോളമെന്നാൽ ജോലിക്കാരൻ ക്ഷീണിച്ചുറങ്ങിപ്പോയി. ഞാൻ നിസ്കാരത്തിൽ മുഴുകി. അതിനുശേഷം ഇന്നുവരെ ഞാൻ നിസ്കാരം ഒഴിവാക്കിയിട്ടില്ല. സുറയ്യാ നക്ഷത്രംവരെ ഉയർന്നുപോയ ഈമാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) എന്റെ ഹൃദയത്തിൽ കൊണ്ടുവന്നിറക്കി.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥം വായിക്കുന്നതും ഒരു വിപ്ലവം ഉണ്ടാക്കുന്ന കാര്യമാണ്. ജമാഅത്തിലെ സഹോദരൻ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

മൗലവി ഇബ്റാഹീം സാഹിബ് ബഖാപൂരി നിവേദനം ചെയ്യുന്നു. ഹസ്റത്ത് ശേയ്ഖ് യഅ്ഖൂബലി സാഹിബ് ഇർഫാനീ കുട്ടിക്കാലം മുതലേ എന്റെ സുഹൃത്തായിരുന്നു. ഞാൻ അദ്ദേഹത്തെ കാണാൻ രണ്ടാം ദിവസം ഖാദിയാനിൽ പോയി. വഴിയിൽ രണ്ട് കുട്ടികൾ വഴക്കിടുന്നതായി കണ്ടു. എന്റെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. അവർ രണ്ടുപേരും വിശുദ്ധഖുർആന്റെ ആശയങ്ങളിൽ വാദപ്രതിവാദം നടത്തുകയായിരുന്നു. അവരുടെ ഹൃദയത്തിൽ വിശുദ്ധഖുർആനോടുള്ള സ്നേഹം ഇടിച്ചിടിച്ചു നിറച്ചിരിക്കുന്നതായി എനിക്കു തോന്നി."

ഈ സ്നേഹം ഓരോ അഹ്മദിയുടേയും ഹൃദയത്തിലുണ്ടാവേണ്ടതാണ്. ഈ വിപ്ലവമാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) അക്കാലത്തുണ്ടാക്കിയത്. ഇത് തുടർന്നുകൊണ്ടു പോകേണ്ടതാണ്.

മുൻശി അരോഡേഖാൻ സാഹിബ് തന്റെജോലിയിൽ പുലർത്തിയ വിശ്വസ്തതയെക്കുറിച്ചുള്ള സംഭവമാണ്. ഒരിക്കൽ ആരോ ചിരിച്ചുകൊണ്ടുപറഞ്ഞു: ബാബ! അങ്ങ് എപ്പോഴെങ്കിലും കൈക്കൂലി വാങ്ങിയിട്ടുണ്ടോ? മുൻശിസാഹിബ് പറഞ്ഞു: ഞാൻ ജോലി ചെയ്തിടത്തോളംകാലം, എന്നിൽ നിക്ഷിപ്തമായ കടമകൾ വിശ്വസ്തതയോടെ നിറവേറ്റിയതും, സത്യസന്ധതയോടെ ചെയ്ത വിധികളും എല്ലാതരം അഴുക്കുകളിൽനിന്നും എന്റെ കോന്തലയെ രക്ഷിച്ചതുമെല്ലാം മുന്നിൽവെച്ചുകൊണ്ട് അല്ലാഹുവിനോടു ദുആ ചെയ്താൽ, ഒരു അമ്പെയ്ത്തുകാരന്റെ ഉന്നം പിഴയ്ക്കാം പക്ഷേ, എന്റെ ആ ദുആ ഒരിക്കലും പിഴയ്ക്കുകയില്ല." അല്ലാഹുവിലുള്ള വിശ്വാസവും അനുഭവജ്ഞാനവും എത്രമാത്രമായിരുന്നുവെന്ന് നോക്കുക.

ശേയ്ഖ് വസീത്ത സാഹിബിന്റെ മകൻ ഹസ്റത്ത് ശേഖ് മുഹമ്മദ് ഇസ്മായീൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമായ ശക്തിപ്രഭാവത്തെക്കുറിച്ച് നിവേദനം ചെയ്യുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സുഹൃത്തുക്കളിൽ തന്റെ പരിശുദ്ധമായ ശക്തിപ്രഭാവംകൊണ്ട് എത്രമാത്രം സ്വാധീനം ചെലുത്തിയിരുന്നുവെന്നുവെച്ചാൽ, അവർ അല്ലാഹുവിനെ ദൃഢമായും വിശ്വസിച്ചു. ആരേയും ഭയന്നുകൊണ്ട്, കളവുപോലുള്ള അഴുക്കിനെ പിൻപറ്റിയിരുന്നില്ല. സത്യം പറയുന്നതിൽ നിന്ന് പിൻമാറിയില്ല. ദുസ്വഭാവങ്ങളിൽനിന്ന് എപ്പോഴും അകന്നുനിന്നു. ഉൽകൃഷ്ടമായ സ്വഭാവം കൊണ്ട് അവർ അല്ലാഹുവിൽ അഭിമാനംകൊണ്ടിരുന്നു; അതായത് നമ്മുടെ അല്ലാഹു നമ്മോടൊപ്പം ഉണ്ടെന്ന്.

ഈ ദൃഢവിശ്വാസം കൊണ്ടുതന്നെയാണ് അവിടത്തെ എതിരാളികൾ നിന്ദ്യരായിത്തീർന്നത്. അവിടത്തെ സുഹൃത്തുക്കൾ എപ്പോഴും അല്ലാഹുവിനോടു നന്ദികാണിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ സാമീപ്യം അവരോടൊപ്പം ഉണ്ടായിരുന്നു. അവിടത്തെ സുഹൃത്തുക്കളിൽ ഐശ്വര്യമുണ്ടായിരുന്നു. അവർ അല്ലാഹുവിൽ സർവ്വവും ഭരമേല്പിച്ചിരുന്നു. സത്യം പറയാൻ മടിച്ചിരുന്നില്ല. ആരേയും ഭയപ്പെട്ടിരുന്നില്ല. സൽക്കർമ്മങ്ങളുടെ അവസ്ഥയെന്തായിരുന്നുവെന്നുവെച്ചാൽ, അവരുടെ ഹൃദയം ദൈവസ്നേഹത്താൽ തിളച്ചുമറിഞ്ഞുകൊണ്ടിരുന്നു.

ഏതു പ്രവൃത്തിയും അല്ലാഹുവിനുവേണ്ടിയായിരുന്നു ചെയ്തിരുന്നത്. റിയാഅ് പോലുള്ള (മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്ന പ്രവൃത്തി) തിന്മകളിൽനിന്ന് തികച്ചും അകന്നിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) രിയാകാരിയെ ഭയാനകമായ ദുസ്വഭാവമെന്ന് പറയാറുണ്ടായിരുന്നു. ഇതിലൂടെ മനുഷ്യൻ കപടവിശ്വാസിയായിത്തീരുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഹസ്റത്ത് അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടിയെക്കുറിച്ച് പറയുന്നു. അദ്ദേഹത്തിന്റെ ആയുസ്സ് നിഷ്ക്കളങ്കമായ അവസ്ഥയിലാണ് കഴിഞ്ഞുകടന്നത്. ദുനിയാവിലെ ഒരു സുഖവും അദ്ദേഹം പറ്റിയില്ല. ഉദ്യോഗം ഉപേക്ഷിക്കാനുള്ള കാരണം, അതിൽ ദീൻ അപമാനിക്കപ്പെടുന്നുണ്ട് എന്ന് കരുതിയതാണ്. 200 രൂപ മാസ ശമ്പളത്തിൽ അദ്ദേഹത്തിന് ഉദ്യോഗം ലഭിച്ചിരുന്നു. എന്നാൽ, അദ്ദേഹം അപ്പാടെ നിഷേധിച്ചു. (ഈ 200 രൂപ ഇന്ന് ആയിരക്കണക്കിന് രൂപയ്ക്ക് തുല്യമാകാം. ലക്ഷവുമാകാം) ലളിതമായി അദ്ദേഹം ജീവിച്ചു, അറബി ഗ്രന്ഥങ്ങൾ മാത്രം വായിക്കാനായിരുന്നു താൽപര്യം. പുറത്തുനിന്നും അകത്തുനിന്നും ഇസ്ലാമിന്റെ മേലുള്ള ആക്രമണം ഉണ്ടാകുമ്പോൾ, അതിനെ പ്രതിരോധിച്ച് ആയുസ്സ് കഴിച്ചുകൂട്ടി. ബലഹീനതയും രോഗവും ഉണ്ടായിട്ടും അദ്ദേഹത്തിന്റെ ചുവട് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) സൃഷ്ടിച്ച ധീരാത്മാക്കളാണ് ഇവർ. അബ്ദുൽ കരീം സാഹിബ് വഫാത്തായപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. ഇത്തരം പണ്ഡിതന്മാർ നമ്മളിൽനിന്ന് വിട്ടുപിരിഞ്ഞുപോകുന്നു. അതുകൊണ്ട് ജമാഅത്തിൽ ആലിംകളെ സൃഷ്ടിക്കുന്നതിന് മദ്റസ സ്ഥാപിക്കേണ്ടതാണ്. അങ്ങനെ മദ്റസ അഹ്മദിയ്യ സ്ഥാപിക്കുകയും ചെയ്തു."

മതപരമായ അറിവ് സമ്പാദിക്കുന്നവർ, ലോകത്തെവിടെയുള്ള ജാമിഅ അഹ്മദിയ്യായിൽ കുട്ടികൾ പഠിക്കുന്നുണ്ടോ അവരെല്ലാം ഈ പുണ്യാത്മാക്കളെ മാതൃകയാക്കേണ്ടതാണ്.

ഹസ്റത്ത് സാഹിബ് സാദ അബ്ദുല്ലത്തീഫ് സാഹിബ് ശഹീദിനെക്കുറിച്ച് എഴുതുന്നു. ഇദ്ദേഹം ഉദാത്തമായൊരു മാതൃകയാണ് കാഴ്ച വെച്ചത്. ഈ പുണ്യാത്മാവിൽ അസൂയാർഹമായ ഒരു സവിശേഷഗുണമുണ്ടായിരുന്നു. വാസ്തവത്തിൽ അദ്ദേഹം ദുൻയാവിനെക്കാൾ ദീനിനെ മുന്തിച്ചിരുന്നു. അല്ലാഹുവിനെ ഭയന്നുകൊണ്ട് സ്വന്തം തഖ്വയും അല്ലാഹുവിനോടുള്ള അനുസരണവും പാരമ്യതയിലെത്തിച്ചവരുടെ കൂട്ടരുടെ കൂട്ടത്തിൽപ്പെട്ട വ്യക്തിയാണ് അദ്ദേഹം. അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും, ജീവനും അഭിമാനവും ധനവുമെല്ലാം പുല്ലുപോലെ വലിച്ചെറിയാൻ തയ്യാറായിരുന്നു. അദ്ദേഹത്തിന്റെ ഈമാനികശക്തി എത്രമാത്രം വർദ്ധിച്ചിരുന്നുവെന്നാൽ, ഞാനതിന് ഒരു വലിയ പർവ്വതത്തോടു ഉപമിച്ചാൽതന്നെ, എന്റെ ഉപമ കുറഞ്ഞുപോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. എനിക്ക് ബയ്അത്ത് ചെയ്തവരും എന്ന വിശ്വസിച്ചവരുമായ അധികമാളുകളും ദുൻയാവിനെ ദീനിനെക്കാൾ മുന്തിക്കുക എന്ന വിഷലിപ്തമായ ബീജത്തിൽനിന്ന് തികച്ചും മോചിതരാകുന്നില്ല. മറിച്ച് കുറച്ചു കലർപ്പ് അവരിൽ അവശേഷിക്കുന്നു. രഹസ്യമായ ഒരു ബീജം, അത് ജീവനെയോ അഭിമാനത്തെയോ ധനത്തേയോ സ്വഭാവത്തേയോ സംബന്ധിച്ചാവട്ടെ അവരുടെ അപൂർണ്ണമായ ആത്മാവിൽ കാണുന്നു. അതുകൊണ്ട് ഞാൻ ദീനിനവേണ്ടി എന്തെങ്കിലും സേവനം ചെയ്യാൻ വിളംബരം ചെയ്യുന്ന ഘട്ടത്തിൽ, പരീക്ഷണത്തിൽ ആരെങ്കിലും അകപ്പെടുമോ എന്ന് ഭയപ്പെടുന്നു. എന്നാൽ ഞാൻ എന്തു വാക്കുകൾകൊണ്ടാണ് ഈ പുണ്യാത്മാവിനെ സ്തുതിക്കേണ്ടത്. അദ്ദേഹം തന്റെ അഭിമാനത്തേയും ജീവനേയും എന്നെ അനുസരിച്ചുകൊണ്ട്, ഒന്നിനും കൊള്ളാത്ത വസ്തു വലിച്ചെറിയുന്നതുപോലെ എറിഞ്ഞുകളഞ്ഞു. മിക്ക ആളുകളും ശയ്ത്വാന്റെ ദുർബോധനകളിൽ കുടുങ്ങിപ്പോകാറുണ്ട്. എന്നാൽ പരേതനായ ഈ യുവപുരുഷന്റെ സ്ഥൈര്യം ഞാൻ എങ്ങനെയാണ് വിശദീകരിക്കേണ്ടത്. അദ്ദേഹം ദൃഢജ്ഞാനപ്രകാശത്തിൽ നിത്യേന അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.

നിസ്വാർത്ഥതയിലും വിനയത്തിലും എത്ര മാത്രം ഉയർന്നുവെന്നുവെച്ചാൽ, ഒരു മനുഷ്യനും അല്ലാഹുവിൽ ലയിക്കാതെ ഈ നില പ്രാപിക്കുകയില്ല. ഓരോ വ്യക്തിയും പ്രസിദ്ധിയിലും അറിവിലും സ്വയം താൻ എന്തൊക്കെയാണെന്ന് കരുതാറുണ്ട്. ആ അറിവും പ്രസിദ്ധിയും സത്യം സ്വീകരിക്കുന്നതിന് അവർക്ക് തടസ്സമാകുകയും ചെയ്യും. എന്നാൽ ഈ വ്യക്തി നിസ്വാർത്ഥനായിരുന്നു. വലിയ അറിവും പ്രൗഢിയും ഒക്കെ ഉണ്ടായിട്ടും സത്യം സ്വീകരിക്കുന്നതിന് ഒന്നും തടസ്സമായില്ല. അവസാനം സത്യസന്ധതയോടെ തന്റെ ജീവൻ ബലിയർപ്പിച്ചു. അല്ലാഹു ഇച്ഛിക്കുന്ന രീതിയിലുള്ള ഒരു മാതൃക അദ്ദേഹം നമ്മുടെ ജമാഅത്തിന് വിട്ടുവെച്ചുപോയി.

അവസാനമായി ഹസ്റത്ത് ഖലീഫത്തുൽ

മസീഹ് അവ്വലിന്റെ ഒരു ഉദാഹരണം കൂടി പറയാം. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹാതിരേകത്താൽ ഞാൻ ഒറ്റയ്ക്കാക്കപ്പെട്ടിട്ടില്ലെന്ന വസ്തുത വെളിപ്പെടുത്തുകയും അതിൽ നന്ദി പ്രകടിപ്പിക്കുകയും ചെയ്യാതിരിക്കാൻ എനിക്ക് സാദ്ധ്യമല്ല. ഞാനുമായി ബന്ധവും സഹോദരത്വവും സ്ഥാപിക്കുകയും അല്ലാഹു അവന്റെ കൈകൊണ്ടുതന്നെ സ്ഥാപിച്ചിട്ടുള്ള ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കുകയും ചെയ്യുന്നവർ സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും വർണ്ണപ്പൊലിമകൊണ്ട് അത്ഭുതാവഹമായ നിറമണിഞ്ഞിട്ടുള്ളവരത്രെ. എന്റെ പരിശ്രമം കൊണ്ടല്ല, മറിച്ച്, അല്ലാഹു അവന്റെ പ്രത്യേകമായ അനുഗ്രഹപ്രകർഷത്തിലൂടെ ഈ സത്യസന്ധത തിങ്ങിനിറഞ്ഞ ആത്മാക്കളെ എനിക്ക് പ്രദാനം ചെയ്തിരിക്കുന്നു. എപ്പോഴും ആദ്യത്തിൽതന്നെ എന്റെ ആ ആത്മീയസഹോദരന്റെ കാര്യം പറയാൻ എന്റെ ഹൃദയം വെമ്പൽകൊള്ളുകയാണ്. അദ്ദേഹത്തിന്റെ പേർ തന്റെ ആത്മാർത്ഥതയുടെ പ്രഭാവിലാസത്തിനൊത്ത് നൂറുദ്ദീൻ എന്നാകുന്നു. ഞാൻ അദ്ദേഹത്തിന്റെ ചില ദീനിയായ സേവനങ്ങളെ, തന്റെ ഹലാലായ മുതൽ ചെലവിട്ടുകൊണ്ട് അദ്ദേഹം ഇസ്ലാമിന്റെ മഹോന്നതനാമം ഉയർത്താനായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ ഹാ, ആ സേവനങ്ങൾ എനിയ്ക്ക് ചെയ്യാൻ കഴിഞ്ഞെങ്കിൽ എന്ന ഖേദദൃഷ്ടികളോടെയാണ് നോക്കിക്കാണാറുള്ളത്! ദീനിന്റെ പരിരക്ഷയ്ക്കായി അദ്ദേഹത്തിൽ പ്രകടമായിക്കണ്ട ആവേശത്തിമർപ്പ് കാണുമ്പോൾ ഒരു 'ഖുദ്റത്തിന്റെ (ദിവ്യശക്തി പ്രകടനത്തിന്റെ) ചിത്രം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുമാറാകുന്നു. അവൻ എപ്രകാരമാണ് തന്റെ ദാസന്മാരെ തന്നിലേക്ക് ആകർഷിച്ചെടുക്കുന്നത്! അദ്ദേഹം തന്റെ അധീനത്തിലുള്ള തന്റെ സകല മുതലുകളേയും സകലശക്തിയോടും സകല സഹായോപാധികളോടും കൂടി എല്ലായ്പ്പോഴും അല്ലാഹുവിന്റയും റസൂലിന്റേയും അനുസരണാർത്ഥം സന്നദ്ധനായി നിൽക്കുന്നു. അദ്ദേഹത്തിന് എന്റെ വഴിയിൽ മുതലെന്ത് ജീവനും മാനവും കൂടി കാര്യമല്ലെന്നു, വെറും സദ്ഭാവനകൊണ്ടല്ല, അനുഭവപരിചയം കൊണ്ടുതന്നെ ശരിയ്ക്കും ഞാൻ മനസ്സിലാക്കുന്നു. ഞാൻ അനുവാദം നൽകി എങ്കിൽ അദ്ദേഹം തന്റെ സകലതും ഈ ദൈവമാർഗ്ഗത്തിൽ സന്ത്യജിച്ചുകൊണ്ട് തന്റെ ആത്മീയസ്നേഹിതത്വംപോലെ തന്റെ ശാരീരിക സ്നേഹിതത്വവും പുലർത്താനും ഏതു നിമിഷവും എന്റെ സാമീപ്യത്തിൽ കഴിയാനും തയ്യാറായിരിക്കും. അദ്ദേഹത്തിന്റെ ചില കത്തുകളിലെ ചില വരികൾ ഉദാഹരണാർത്ഥം ഞാനിവിടെ എടുത്തു കാണിച്ചുകൊള്ളട്ടെ. ജമ്മുസ്റ്റേറ്റ് ഭിഷഗ്വരനും എന്റെ എത്രയും പ്രിയപ്പെട്ട സഹോദരനുമായ മൗലവി ഹക്കീം നൂറുദ്ദീൻ ഭേരവി സ്നേഹത്തിന്റെയും ആത്മാർത്ഥതയുടേയും ഉന്നതപടവുകളിൽ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന് വായനക്കാരറിയാൻ വേണ്ടി. ആ വരികൾ ഇവയാണ്:

മൗലാനാ മുർശിദനാ ഇമാമനാ!
അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി
വ ബറക്കാത്തുഹൂ

"ആലി ജനാബ്! ഏതവസരത്തിലും അവിടത്തെ സവിധത്തിൽ ഹാജരായിരിക്കുകയും ഇമാമുസ്സാമാനിൽനിന്നു (കാലഘട്ടത്തിന്റെ നേതാവിൽനിന്ന്) ഏതുദ്ദേശ്യാർത്ഥം അവിടന്ന് മുജദ്ദിദ് ആക്കപ്പെട്ടുവോ ആ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുമാറാകണമെന്നുമുള്ളതാണ് എന്റെ പ്രാർത്ഥന. അങ്ങ് സമ്മതിക്കുകയാണെങ്കിൽ ഞാൻ ജോലി രാജികൊടുത്ത് രാവുപകലെന്നില്ലാതെ അവിടത്തെ സവിധത്തിൽ കഴിച്ചുകൂട്ടാൻ തയ്യാറാണ്. അഥവാ, കല്പിക്കുകയാണെങ്കിൽ ഈ ബന്ധമെല്ലാം ഉപേക്ഷിച്ചു ലോകം ചുറ്റുകയും സത്യദീനിലേക്ക് ലോകരെ ക്ഷണിക്കുകയും അതേ മാർഗ്ഗത്തിൽതന്നെ ജീവൻ നൽകുകയും ചെയ്യാനും ഞാൻ സന്നദ്ധനാണ്. ഞാൻ അങ്ങയുടെ മാർഗ്ഗത്തിൽ സർവ്വാർപ്പണം ചെയ്തുകൊള്ളുന്നു. എനിക്കുള്ളതെന്തോ അതൊന്നും എന്റേതല്ല; അങ്ങേയ്ക്കുള്ളതാകുന്നു. എന്റെ പീറും മുർശിദുമായുള്ളോവേ, ഞാൻ തികഞ്ഞ സത്യസന്ധതയോടുകൂടി ഇതാ ബോധിപ്പിച്ചുകൊള്ളട്ടെ! എന്റെ സകല സ്വത്തും സമ്പത്തും ദീനിന്റെ ഇശാഅത്തിനുവേണ്ടി ചെലവഴിക്കപ്പെടുകയാണെങ്കിൽ ഞാൻ എന്റെ ലക്ഷ്യം നേടിക്കഴിഞ്ഞു. അങ്ങയോടുള്ള എന്റെ ബന്ധം ഫാറൂഖിന്നുള്ള ബന്ധമാകുന്നു. ഈ വഴിയിൽ സർവ്വസ്വവും ബലി കഴിക്കാൻ ഞാൻ സന്നദ്ധനാണ്. എന്റെ മരണം സിദ്ദീഖുമാരുടെ മരണമായിരിക്കാൻ പ്രാർത്ഥിക്കുന്നതിന് ഞാൻ അപേക്ഷിക്കുന്നു."

ബഹുമാന്യനായ മൗലവിസാഹിബിന്റെ ആർജ്ജവവും മനക്കരുത്തും ആ അനുകമ്പയും ത്യാഗസന്നദ്ധതയും അദ്ദേഹത്തിന്റെ വാക്കിലൂടെ വെളിപ്പെടുന്നത് പ്രകാരം, അതിലുപരി അദ്ദേഹത്തിന്റെ അവസ്ഥയിൽനിന്നും ആത്മാർത്ഥത വഴിഞ്ഞൊഴുകുന്ന സേവനങ്ങളിൽനിന്നും പ്രത്യക്ഷപ്പെടുമാറാകുന്നുണ്ട്. എത്രത്തോളമെന്നാൽ, സ്വന്തം ഭാര്യാമക്കളുടെ ജീവിതയാപനത്തിന്നാവശ്യമായ വസ്തുക്കൾപോലും ഇതേ വഴിയിൽ അദ്ദേഹം ബലിയർപ്പിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ആത്മാവ്

സ്നേഹത്തിന്റെ ആവേശവും ലയവും തന്റെ കഴിവിലുമുപരിയായി പ്രവർത്തിപ്പിക്കാൻ അദ്ദേഹത്തെ ഉദ്യുക്തനാക്കുന്നു. ഓരോ ശ്വാസത്തിലും ഓരോ നിമിഷത്തിലും അദ്ദേഹത്തെ സേവനത്തിൽ വ്യാപൃതനായിക്കാണാം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നത്, തന്നോടൊപ്പം ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുകൊണ്ട് തങ്ങളെ സ്വയം ദർവേശാക്കിയവരാണ് ഇക്കൂട്ടരെന്നാണ്. സ്വന്തം നാട്ടിൽനിന്ന് ഹിജ്റത്ത് ചെയ്ത് എന്നെന്നേയ്ക്കുമായി അവർ ഇവിടെ വന്നുപാർത്തു.

ഞാൻ വിശദീകരിച്ചവരിൽ ചിലർ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതും ചിലത് ബന്ധുക്കൾ പറഞ്ഞതും ചിലർ സ്വന്തം തന്നെ തങ്ങളെക്കുറിച്ച് പറഞ്ഞവരുമാണ്. ഈ എല്ലാ സംഭവങ്ങളും ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കാനാണ്. അതായത്, നിങ്ങളുടെ പൂർവ്വികർ ഈ രീതിയിലാണ് തങ്ങളുടെ ആത്മാവിനെ ശുദ്ധീകരിച്ചുകൊണ്ടിരുന്നത്. ഈ നിലകളാണ് അവർ കരസ്ഥമാക്കിയത്. നിങ്ങളും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലാണെന്ന് വാദിക്കുന്നുവെങ്കിൽ ഈ മഹാത്മാക്കളെ പിൻപറ്റുക; ഈ മഹാത്മാക്കളുടെ ആത്മാർത്ഥതയുടേയും കൂറിന്റേയും കാലം അവസാനംവരെ തുടർന്നുകൊണ്ടിരിക്കുന്നതിനുവേണ്ടി. ഇൻശാഅല്ലാഹ്. ഇത് തുടർന്നുകൊണ്ടിരിക്കുന്നതു തന്നെയാണ്. കാരണം ഈ മുഹമ്മദീ മസീഹ് മുഖേനയാണ് ഇസ്ലാമിന്റെ സൗന്ദര്യം നിലനിർത്തുകയെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

നമ്മുടെ സ്വന്തം പിഴവുകൾ നമ്മെ ഈ അനുഗ്രഹത്തിൽനിന്ന് മാറ്റി നിറുത്താതിരിക്കട്ടെ. അതുകൊണ്ട് ഖാദിയാനിൽ വസിക്കുന്നവരും, ലോകത്ത് വസിക്കുന്നവരുമായ എല്ലാ അഹ്മദികളും ഇതിന്റെ അടിസ്ഥാനത്തിൽ എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു എല്ലാവരുടേയും ആത്മാർത്ഥതയും കൂറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ.


Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 13.1.2006 at Qadian

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala